ഭാരത സർക്കാർ

നിയമ മന്ത്രാലയം

सत्यमेव जयते

# ബാങ്കുകൾക്കും ധനകാര്യ സ്ഥാപനങ്ങൾക്കും കിട്ടാനുള്ള കടങ്ങൾ വസൂലാക്കൽ ആക്റ്റ്, 1993

(1993-ലെ 51-ാം നമ്പർ ആക്റ്റ്)

(2009 സെപ്റ്റംബർ 17-ാം തീയതി നിലവിലിരുന്ന പ്രകാരം)

# THE RECOVERY OF DEBTS DUE TO BANKS AND FINANCIAL INSTITUTIONS ACT, 1993

(ACT No. 51 OF 1993)

(As on 17th September, 2009)

വില: 67.00 രൂപ

©

യൂണിയൻ സർക്കാരിനുവേണ്ടി കേരള സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ട് തിരുവനന്തപുരം
സർക്കാർ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്

2010

## ആമുഖം

2009 സെപ്റ്റംബർ 17-ാം തീയതി നിലവിലിരുന്ന പ്രകാരമുള്ള ബാങ്കുകൾക്കും ധനകാര്യ സ്ഥാപനങ്ങൾക്കും കിട്ടാനുള്ള കടങ്ങൾ വസൂലാക്കൽ ആക്റ്റ്, 1993 (1993-ലെ 51-ാം നമ്പർ ആക്റ്റ്)-ന്റെ മലയാളത്തിലെ ആധികാരിക പാഠം ഈ പതിപ്പിൽ അടങ്ങിയിരിക്കുന്നു. 2010 ജനുവരി 12-ാം തീയതിയിലെ കേന്ദ്ര അസാധാരണ ഗസറ്റ് XI-ാം ഭാഗം 1-ാം വകുപ്പ്, 1-ാം വാല്യം, 3-ാം നമ്പരായി 1 മുതൽ 19 വരെയുള്ള പുറങ്ങളിൽ ഇത് പ്രസിദ്ധീകരിച്ചിരുന്നു.

ഈ ആധികാരിക പരിഭാഷ, ആധികാരിക പാഠങ്ങൾ (കേന്ദ്ര നിയമങ്ങൾ) ആക്റ്റ്, 1973-ന്റെ 2-ാം വകുപ്പ് (ക) ഖണ്ഡം അനുസരിച്ച് ഭാരതത്തിന്റെ രാഷ്ട്രപതി അധികാരപ്പെടുത്തിയ പ്രകാരം പ്രസിദ്ധീകരിക്കുകയും അപ്രകാരം പ്രസിദ്ധീകരിച്ചതിൻമേൽ അത് ആ ആക്റ്റിന്റെ മലയാളത്തിലുള്ള ആധികാരിക പാഠമായിത്തീരുകയും ചെയ്തു.

**വി. കെ. ഭാസിൻ,**
*ഭാരത സർക്കാരിന്റെ സെക്രട്ടറി.*

## PREFACE

This edition of the Recovery of Debts Due to Banks and Financial Institutions Act, 1993 (Act No. 51 of 1993) as on 17th September, 2009 contains the authoritative text of that Act in Malayalam which was published in the Gazette of India Extraordinary Part XI, Section 1, Vol. 1, No. 3 dated 12th January, 2010 on pages 1 to 19.

This authorised translation was published under the authority of the President of India under clause (a) of Section 2 of the Authoritative Texts (Central Laws) Act, 1973 and on such publication it became the authoritative text of that Act in Malayalam.

V. K. BHASIN,
*Secretary to the Government of India.*

GCPT. 3/2736/2010/DTP.

# ബാങ്കുകൾക്കും ധനകാര്യസ്ഥാപനങ്ങൾക്കും കിട്ടാനുള്ള കടങ്ങൾ വസൂലാക്കൽ ആക്റ്റ്, 1993
## (1993-ലെ 51-ാം നമ്പർ ആക്റ്റ്)

### ഉള്ളടക്കം

അദ്ധ്യായം I

പ്രാരംഭികം


| വകുപ്പുകൾ | | പേജ് |
|---|---|---|
| 1. | ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും ബാധകതയും | 1 |
| 2. | നിർവ്വചനങ്ങൾ | 1 |

അദ്ധ്യായം II

ട്രിബ്യൂണലും അപ്പലേറ്റ് ട്രിബ്യൂണലും സ്ഥാപിക്കൽ

| | | |
|---|---|---|
| 3. | ട്രിബ്യൂണൽ സ്ഥാപിക്കൽ | 3 |
| 4. | ട്രിബ്യൂണലിന്റെ ഘടന | 3 |
| 5. | പ്രിസൈഡിംഗ് ആഫീസറായി നിയമിക്കപ്പെടുന്നതിനുള്ള യോഗ്യതകൾ | 3 |
| 6. | ഉദ്യോഗകാലാവധി | 3 |
| 7. | ട്രിബ്യൂണലിന്റെ ഉദ്യോഗസ്ഥഗണം | 3 |
| 8. | അപ്പലേറ്റ് ട്രിബ്യൂണൽ സ്ഥാപിക്കൽ | 4 |
| 9. | അപ്പലേറ്റ് ട്രിബ്യൂണലിന്റെ ഘടന | 4 |
| 10. | അപ്പലേറ്റ് ട്രിബ്യൂണലിന്റെ ചെയർപേഴ്സണായി നിയമിക്കപ്പെടുന്നതിനുള്ള യോഗ്യതകൾ | 4 |
| 11. | ഉദ്യോഗകാലാവധി | 4 |
| 12. | അപ്പലേറ്റ് ട്രിബ്യൂണലിന്റെ ഉദ്യോഗസ്ഥഗണം | 4 |
| 13. | പ്രിസൈഡിംഗ് ആഫീസർമാരുടെ ശമ്പളവും ബത്തകളും മറ്റ് സേവന വ്യവസ്ഥകളും നിബന്ധനകളും | 5 |
| 14. | ഒഴിവുകൾ നികത്തൽ | 5 |
| 15. | രാജിയും നീക്കംചെയ്യലും | 5 |
| 16. | ട്രിബ്യൂണലോ അല്ലെങ്കിൽ അപ്പലേറ്റ് ട്രിബ്യൂണലോ രൂപീകരിച്ചുകൊണ്ടുള്ള ഉത്തരവുകൾ അന്തിമമായിരിക്കുന്നതും അതിന്റെ നടപടികളെ അസാധുവാക്കാവുന്നതല്ലെന്നും | 6 |

അദ്ധ്യായം III

ട്രിബ്യൂണലുകളുടെ അധികാരിതയും അധികാരവും അധികാരശക്തിയും

| | | |
|---|---|---|
| 17. | ട്രിബ്യൂണലുകളുടെ അധികാരിതയും അധികാരവും അധികാരശക്തിയും | 6 |
| 17ക. | അപ്പലേറ്റ് ട്രിബ്യൂണലിന്റെ ചെയർപേഴ്സന്റെ അധികാരം | 6 |
| 18. | അധികാരിതയ്ക്ക് തടസ്സം | 6 |

വകുപ്പുകൾ | പേജ്

## അദ്ധ്യായം IV

### ട്രിബ്യൂണലുകളുടെ നടപടിക്രമം

19. ട്രിബ്യൂണലിലേക്കുള്ള അപേക്ഷ 7
20. അപ്പലേറ്റ് ട്രിബ്യൂണലിലേക്കുള്ള അപേക്ഷ 11
21. അപ്പീൽ ഫയൽ ചെയ്യുന്നതിന് ചെല്ലേണ്ട കടത്തുക നിക്ഷേപിക്കണമെന്ന് 11
22. ട്രിബ്യൂണലിന്റെയും അപ്പലേറ്റ് ട്രിബ്യൂണലിന്റെയും നടപടിക്രമവും അധികാരങ്ങളും 11
23. നിയമാനുസൃതം പ്രതിനിധീകരിക്കുന്നതിനുള്ള അവകാശവും പ്രസന്റിംഗ് ആഫീസർമാരും 12
24. കാലഹരണം 12

## അദ്ധ്യായം V

### ട്രിബ്യൂണൽ നിശ്ചയിക്കുന്ന കടം വസൂലാക്കൽ

25. കടങ്ങൾ വസൂലാക്കുന്ന രീതികൾ 12
26. സർട്ടിഫിക്കറ്റിന്റെയും അതിന്റെ ഭേദഗതിയുടെയും സാധുത 13
27. സർട്ടിഫിക്കറ്റ് പ്രകാരമുള്ള നടപടികൾ നിറുത്തിവയ്ക്കലും അതിന്റെ ഭേദഗതിയോ അല്ലെങ്കിൽ പിൻവലിക്കലോ 13
28. വസൂലാക്കലിന്റെ മറ്റു രീതികൾ 13
29. ആദായനികുതി ആക്റ്റിന്റെ ചില വ്യവസ്ഥകളുടെ ബാധകത 15
30. വസൂലാക്കൽ ആഫീസറുടെ ഉത്തരവിനെതിരായുള്ള അപ്പീൽ 15

## അദ്ധ്യായം VI

### പലവക

31. നിലവിലിരിക്കുന്ന കേസുകളുടെ മാറ്റം 16
31ക. ഡിക്രിയുടെ അല്ലെങ്കിൽ ഉത്തരവിന്റെ സംഗതിയിൽ വസൂലാക്കൽ സർട്ടിഫിക്കറ്റ് നല്കുന്നതിന് ട്രിബ്യൂണലിനുള്ള അധികാരം 16
32. അപ്പലേറ്റ് ട്രിബ്യൂണലിലെയും ട്രിബ്യൂണലിലെയും ചെയർപേഴ്സണും പ്രിസൈഡിംഗ് ആഫീസറും, ഉദ്യോഗസ്ഥ ഗണങ്ങളും പബ്ലിക് സെർവന്റുമാരായിരിക്കുമെന്ന് 17
33. ഉത്തമവിശ്വാസപൂർവ്വം എടുത്ത നടപടിക്ക് സംരക്ഷണം 17
34. ആക്റ്റിന് അധികപ്രഭാവമുണ്ടെന്ന് 17
35. വിഷമതകൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം 17
36. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം 17
37. റദ്ദാക്കലും ഒഴിവാക്കലും 18

# ബാങ്കുകൾക്കും ധനകാര്യ സ്ഥാപനങ്ങൾക്കും കിട്ടാനുള്ള കടങ്ങൾ വസൂലാക്കൽ ആക്റ്റ്, 1993

**(1993-ലെ 51)**

[1993 ആഗസ്റ്റ്, 27]

ബാങ്കുകൾക്കും ധനകാര്യ സ്ഥാപനങ്ങൾക്കും കിട്ടാനുള്ള കടങ്ങളുടെ വേഗത്തിലുള്ള ന്യായനിർണ്ണയത്തിനും വസൂലാക്കലിനും വേണ്ടി ട്രിബ്യൂണലുകൾ സ്ഥാപിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ വിഷയങ്ങൾക്കും വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

ഭാരത റിപ്പബ്ലിക്കിന്റെ നാൽപ്പത്തിനാലാം സംവൽസരത്തിൽ പാർലമെന്റ് താഴെപ്പറയും പ്രകാരം നിയമം ഉണ്ടാക്കിയിരിക്കുന്നു:—

## അദ്ധ്യായം I

## പ്രാരംഭികം

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും ബാധകതയും.—(1) ഈ ആക്റ്റിന് ബാങ്കുകൾക്കും ധനകാര്യ സ്ഥാപനങ്ങൾക്കും കിട്ടാനുള്ള കടങ്ങൾ വസൂലാക്കൽ ആക്റ്റ്, 1993 എന്ന് പേര് പറയാവുന്നതാണ്.

(2) ഇത് ജമ്മു-കാശ്മീർ സംസ്ഥാനം ഒഴികെ ഭാരതം മുഴുവൻ വ്യാപിക്കുന്നതാണ്.

(3) ഇത് 1993 ജൂൺ മാസം 24-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടുന്നതാണ്.

(4) ഈ ആക്റ്റിലെ വ്യവസ്ഥകൾ, ഏതെങ്കിലും ബാങ്കിനോ ധനകാര്യസ്ഥാപനത്തിനോ അല്ലെങ്കിൽ ബാങ്കുകളുടെയോ ധനകാര്യസ്ഥാപനങ്ങളുടെയോ കൺസോർഷ്യത്തിനോ കിട്ടാനുള്ള കടത്തുക പത്തുലക്ഷം രൂപയിൽ കുറവോ അല്ലെങ്കിൽ കേന്ദ്ര സർക്കാർ വിജ്ഞാപനം വഴി വിനിർദ്ദേശിക്കുന്ന (ഒരു ലക്ഷം രൂപയിൽ കുറയാത്ത) അങ്ങനെയുള്ള മറ്റു തുകയോ ആയിട്ടുള്ളിടത്ത് ബാധകമാകുന്നതല്ല.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(ക) "അപ്പലേറ്റ് ട്രിബ്യൂണൽ" എന്നാൽ 8-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം സ്ഥാപിക്കപ്പെട്ട ഒരു അപ്പലേറ്റ് ട്രിബ്യൂണൽ എന്നർത്ഥമാകുന്നു;

(ഖ) "അപേക്ഷ" എന്നാൽ 19-ാം വകുപ്പുപ്രകാരം ഒരു ട്രിബ്യൂണലിന് സമർപ്പിക്കുന്ന ഒരു അപേക്ഷ എന്നർത്ഥമാകുന്നു;

(ഗ) "നിശ്ചയിക്കപ്പെട്ട ദിവസം" എന്നാൽ ഒരു ട്രിബ്യൂണലിനെയോ അപ്പലേറ്റ് ട്രിബ്യൂണലിനെയോ സംബന്ധിച്ച്, 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരമോ, അതത് സംഗതി പോലെ, 8-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരമോ അങ്ങനെയുള്ള ട്രിബ്യൂണലുകൾ സ്ഥാപിക്കപ്പെട്ട ദിവസം എന്നർത്ഥമാകുന്നു;

(ഘ) "ബാങ്ക്" എന്നാൽ,—

(i) ഒരു ബാങ്കിംഗ് കമ്പനി;

(ii) ഒരു തൽസ്ഥാനീയ പുതിയ ബാങ്ക്;

(iii) ഭാരതീയ സ്റ്റേറ്റ് ബാങ്ക്;

(iv) ഒരു സബ്സിഡിയറി ബാങ്ക്; അല്ലെങ്കിൽ

(v) ഒരു പ്രാദേശിക ഗ്രാമീണ ബാങ്ക്;

(ങ) "ബാങ്കിംഗ് കമ്പനി"ക്ക് ബാങ്കിംഗ് റഗുലേഷൻ ആക്റ്റ്, 1949 (1949-ലെ 10) 5-ാം വകുപ്പ് (ഗ) ഖണ്ഡത്തിൽ അതിന് നൽകിയിട്ടുള്ള അർത്ഥമുണ്ടായിരിക്കുന്നതാണ്;

[1][ (ങക) "ചെയർപേഴ്സൺ" എന്നാൽ 9-ാം വകുപ്പുപ്രകാരം നിയമിക്കപ്പെട്ട ഒരു അപ്പലേറ്റ് ട്രിബ്യൂണലിന്റെ ചെയർപേഴ്സൺ എന്നർത്ഥമാകുന്നു;]

(ച) "തൽസ്ഥാനീയ പുതിയ ബാങ്ക്"-ന് ബാങ്കിംഗ് റഗുലേഷൻ ആക്റ്റ്, 1949 (1949-ലെ 10) 5-ാം വകുപ്പ് (ഘക) ഖണ്ഡത്തിൽ അതിന് നൽകിയിട്ടുള്ള അർത്ഥമുണ്ടായിരിക്കുന്നതാണ്;

[2][ (ഛ) "കടം" എന്നാൽ ഒരു ബാങ്കോ ധനകാര്യസ്ഥാപനമോ അല്ലെങ്കിൽ ബാങ്കിന്റെയോ ധനകാര്യ സ്ഥാപനത്തിന്റെയോ കൺസോർഷ്യമോ തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൻകീഴിൽ ഏറ്റെടുത്തിട്ടുള്ള ഏതെങ്കിലും ബിസിനസ് പ്രവർത്തനത്തിനിടയിൽ ബാങ്കോ, ധനകാര്യസ്ഥാപനമോ കൺസോർഷ്യമോ ഏതെങ്കിലും ആളിൽ നിന്നും കിട്ടാനുള്ളതായി അവകാശപ്പെട്ട പണമായോ മറ്റു വിധത്തിലോ, ഈടു നൽകിയതോ ഈടു നൽകാത്തതോ തീറു നൽകിയതോ പ്രകാരമുള്ള അല്ലെങ്കിൽ ഏതെങ്കിലും സിവിൽ കോടതിയുടെ ഡിക്രിയോ ഉത്തരവോ പ്രകാരം അല്ലെങ്കിൽ ഏതെങ്കിലും ആർബിട്രേഷൻ അവാർഡോ മറ്റു വിധത്തിലോ അല്ലെങ്കിൽ ഒരു പണയമോ പ്രകാരം നൽകേണ്ടതായിട്ടുള്ളതും അപേക്ഷ ദിവസം നിലവിലുള്ളതും നിയമപരമായി വസൂലാക്കാവുന്നതുമായ ഏതൊരു ബാദ്ധ്യതയും (പലിശ ഉൾപ്പെടെ) എന്നർത്ഥമാകുന്നു; ]

(ജ) "ധനകാര്യ സ്ഥാപനം" എന്നാൽ

(i) കമ്പനികൾ ആക്റ്റ്, 1956 (1956-ലെ 1) 4 ക വകുപ്പിന്റെ അർത്ഥത്തിൽ ഒരു പൊതു ധനകാര്യ സ്ഥാപനം;

[3][ (iക) സെക്യൂരിറ്റൈസേഷൻ ആൻഡ് റികൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്റ്റ്, 2002-ലെ മൂന്നാം വകുപ്പ് (4)-ാം ഉപവകുപ്പ് പ്രകാരം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുള്ള സെക്യൂരിറ്റൈസേഷൻ കമ്പനി അല്ലെങ്കിൽ റികൺസ്ട്രക്ഷൻ കമ്പനി;]

(ii) കേന്ദ്ര സർക്കാർ, ഭാരതത്തിലെ സ്ഥാപനത്തിന്റെ ബിസിനസ് പ്രവർത്തനവും അതിന്റെ പ്രവർത്തന മേഖലയും പരിഗണിച്ചുകൊണ്ട്, വിജ്ഞാപനം വഴി വിനിർദ്ദേശിക്കുന്ന അങ്ങനെയുള്ള മറ്റു സ്ഥാപനങ്ങൾ,

എന്നർത്ഥമാകുന്നു;

(ഝ) "വിജ്ഞാപനം" എന്നാൽ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഒരു വിജ്ഞാപനം എന്നർത്ഥമാകുന്നു;

(ഞ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

[4][ (ഞക) "പ്രിസൈഡിംഗ് ആഫീസർ" എന്നാൽ, 4-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെട്ട കടങ്ങൾ വസൂലാക്കൽ ട്രിബ്യൂണലിന്റെ പ്രിസൈഡിംഗ് ആഫീസർ എന്നർത്ഥമാകുന്നു;]

(ട) "വസൂലാക്കൽ ആഫീസർ" എന്നാൽ 7-ാം വകുപ്പ് (1)-ാം ഉപവകുപ്പു പ്രകാരം ഓരോ ട്രിബ്യൂണലിനും വേണ്ടി കേന്ദ്ര സർക്കാർ നിയമിക്കുന്ന ഒരു വസൂലാക്കൽ ആഫീസർ എന്നർത്ഥമാകുന്നു;

---

1. 2000-ലെ 1-ാം നമ്പർ ഭേദഗതി ആക്റ്റ് പ്രകാരം ചേർത്തത്. (17-1-2000 മുതൽ പ്രാബല്യം).
2. മേൽപ്പറഞ്ഞ ഭേദഗതി ആക്റ്റ് പ്രകാരം പകരം ചേർത്തത്. (17-1-2000 മുതൽ പ്രാബല്യം).
3. 2004-ലെ 30-ാം നമ്പർ ഭേദഗതി ആക്റ്റ് പ്രകാരം ചേർത്തത്. (11-11-2004 മുതൽ പ്രാബല്യം).
4. 2000-ലെ 1-ാം നമ്പർ ഭേദഗതി ആക്റ്റ് പ്രകാരം ചേർത്തത്. (17-1-2000 മുതൽ പ്രാബല്യം).

(ഠ) "പ്രാദേശിക ഗ്രാമീണ ബാങ്ക്" എന്നാൽ പ്രാദേശിക ഗ്രാമീണ ബാങ്ക് ആക്റ്റ്, 1976 (1976-ലെ 21)-ന്റെ 3-ാം വകുപ്പ് പ്രകാരം സ്ഥാപിക്കപ്പെട്ട ഒരു പ്രാദേശിക ഗ്രാമീണ ബാങ്ക് എന്നർത്ഥമാകുന്നു;

(ഡ) "ഭാരതീയ സ്റ്റേറ്റ് ബാങ്ക്" എന്നാൽ ഭാരതീയ സ്റ്റേറ്റ് ബാങ്ക് ആക്റ്റ്, 1955 (1955-ലെ 23)-ന്റെ 3-ാം വകുപ്പിൻ കീഴിൽ സ്ഥാപിക്കപ്പെട്ട ഭാരതീയ സ്റ്റേറ്റ് ബാങ്ക് എന്നർത്ഥമാകുന്നു;

(ഢ) "സബ്സിഡിയറി ബാങ്ക്"-ന് ഭാരതീയ സ്റ്റേറ്റ് ബാങ്ക് (സബ്സിഡിയറി ബാങ്ക്) ആക്റ്റ്, 1959 (1959-ലെ 38)-ന്റെ 2-ാം വകുപ്പ് (ട) ഖണ്ഡത്തിൽ അതിന് നല്കിയിട്ടുള്ള അർത്ഥം ഉണ്ടായിരിക്കുന്നതാണ്;

(ണ) "ട്രിബ്യൂണൽ" എന്നാൽ 3-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം സ്ഥാപിക്കപ്പെട്ട ഒരു ട്രിബ്യൂണൽ എന്നർത്ഥമാകുന്നു.

## അദ്ധ്യായം II

## ട്രിബ്യൂണലും അപ്പലേറ്റ് ട്രിബ്യൂണലും സ്ഥാപിക്കൽ

3. ട്രിബ്യൂണൽ സ്ഥാപിക്കൽ.—(1) കേന്ദ്ര സർക്കാർ, വിജ്ഞാപനം വഴി, കടങ്ങൾ വസൂലാക്കൽ ട്രിബ്യൂണൽ എന്നറിയപ്പെടുന്ന ഒന്നോ അതിലധികമോ ട്രിബ്യൂണലുകൾ, ഈ ആക്റ്റിനാലോ ആക്റ്റ് പ്രകാരമോ അങ്ങനെയുള്ള ട്രിബ്യൂണലിന് നല്കിയിട്ടുള്ള അധികാരിതയും അധികാരങ്ങളും അധികാരശക്തിയും പ്രയോഗിക്കുന്നതിനുവേണ്ടി സ്ഥാപിക്കാവുന്നതാണ്.

(2) കേന്ദ്ര സർക്കാർ, (1)-ാം ഉപ വകുപ്പിൽ പരാമർശിച്ചിട്ടുള്ള വിജ്ഞാപനത്തിൽ, ട്രിബ്യൂണൽ അതിനു മുമ്പാകെ സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ പരിഗണനയ്ക്ക് സ്വീകരിക്കുന്നതിനും തീരുമാനിക്കുന്നതിനും ഏത് മേഖലകൾക്കുള്ളിൽ അധികാരിത പ്രയോഗിക്കാമെന്നുകൂടി വിനിർദ്ദേശിക്കേണ്ടതാണ്.

4. ട്രിബ്യൂണലിന്റെ ഘടന.—(1) ഒരു ട്രിബ്യൂണൽ, കേന്ദ്ര സർക്കാരിനാൽ, വിജ്ഞാപനംവഴി നിയമിക്കപ്പെടേണ്ട ഒരു ആൾ (ഇതിനുശേഷം പ്രിസൈഡിംഗ് ആഫീസർ എന്നാണ് പരാമർശിക്കപ്പെടുക) മാത്രം അടങ്ങുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, കേന്ദ്ര സർക്കാരിന്, ഒരു ട്രിബ്യൂണലിന്റെ പ്രിസൈഡിംഗ് ആഫീസറെ മറ്റൊരു ട്രിബ്യൂണലിന്റെ പ്രിസൈഡിംഗ് ആഫീസറുടെ ചുമതലകൾ കൂടി നിർവ്വഹിക്കുന്നതിന് അധികാരപ്പെടുത്താവുന്നതാണ്.

5. പ്രിസൈഡിംഗ് ആഫീസറായി നിയമിക്കപ്പെടുന്നതിനുള്ള യോഗ്യതകൾ.—ഒരു ജില്ലാ ജഡ്ജി ആയിരിക്കുകയോ അല്ലെങ്കിൽ ആയിരുന്നിരിക്കുകയോ അല്ലെങ്കിൽ ആകാൻ യോഗ്യത ഉണ്ടായിരിക്കുകയോ ചെയ്യാത്തപക്ഷം ഒരു ആൾ ഒരു ട്രിബ്യൂണലിന്റെ പ്രിസൈഡിംഗ് ആഫീസറായി നിയമിക്കപ്പെടാൻ യോഗ്യനായിരിക്കുന്നതല്ല.

6. ഉദ്യോഗകാലാവധി.—ഒരു ട്രിബ്യൂണലിന്റെ പ്രിസൈഡിംഗ് ആഫീസർ, അദ്ദേഹത്തിന്റെ ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ അഞ്ച് വർഷത്തേക്കോ അല്ലെങ്കിൽ അദ്ദേഹത്തിന് [1][അറുപത്തിരണ്ട്] വയസ്സ് തികയുന്നതുവരെയോ ഉദ്യോഗം വഹിക്കാവുന്നതാണ്.

7. ട്രിബ്യൂണലിന്റെ ഉദ്യോഗസ്ഥഗണം.—(1) കേന്ദ്ര സർക്കാർ, ആ സർക്കാരിന് യുക്തമെന്ന് തോന്നുന്ന [2][ഒന്നോ അതിലധികമോ വസൂലാക്കൽ ആഫീസർമാരെയും] അങ്ങനെയുള്ള മറ്റ് ആഫീസർമാരെയും ജീവനക്കാരെയും ട്രിബ്യൂണലിന് നൽകേണ്ടതാണ്.

(2) ഒരു ട്രിബ്യൂണലിന്റെ [3][വസൂലാക്കൽ ആഫീസർമാരും] മറ്റ് ആഫീസർമാരും ജീവനക്കാരും പ്രിസൈഡിംഗ് ആഫീസറുടെ പൊതുവായ മേൽനോട്ടത്തിൻ കീഴിൽ അവരുടെ ചുമതലകൾ നിർവഹിക്കേണ്ടതാണ്.

---

1. 1995-ലെ 28-ാം നമ്പർ ഭേദഗതി ആക്റ്റ് പ്രകാരം പകരം ചേർത്തത്. (9-8-1995 മുതൽ പ്രാബല്യം).
2. 2000-ലെ 1-ാം നമ്പർ ഭേദഗതി ആക്റ്റ് പ്രകാരം പകരം ചേർത്തത്. (17-1-2000 മുതൽ പ്രാബല്യം).
3. മേൽപ്പറഞ്ഞ ഭേദഗതി ആക്റ്റ് പ്രകാരം പകരം ചേർത്തത്. (17-1-2000 മുതൽ പ്രാബല്യം).

(3) ഒരു ട്രിബ്യൂണലിന്റെ [1][വസൂലാക്കൽ ആഫീസർമാരുടെയും] മറ്റ് ആഫീസർമാരുടെയും ജീവനക്കാരുടെയും ശമ്പളവും ബത്തകളും മറ്റ് സേവന വ്യവസ്ഥകളും നിർണ്ണയിക്കപ്പെടുന്ന പ്രകാരമായിരിക്കുന്നതാണ്.

8. അപ്പലേറ്റ് ട്രിബ്യൂണൽ സ്ഥാപിക്കൽ.—(1) കേന്ദ്ര സർക്കാർ, വിജ്ഞാപനംവഴി, കടങ്ങൾ വസൂലാക്കൽ അപ്പലേറ്റ് ട്രിബ്യൂണൽ എന്നറിയപ്പെടുന്ന ഒന്നോ അതിൽ അധികമോ അപ്പലേറ്റ് ട്രിബ്യൂണലുകൾ ഈ ആക്റ്റിനാലോ ആക്റ്റ് പ്രകാരമോ അങ്ങനെയുള്ള ട്രിബ്യൂണലിന് നല്കിയിട്ടുള്ള അധികാരിതയും അധികാരങ്ങളും അധികാരശക്തിയും പ്രയോഗിക്കുന്നതിനുവേണ്ടി സ്ഥാപിക്കാവുന്നതാണ്.

(2) കേന്ദ്ര സർക്കാർ, ഏത് ട്രിബ്യൂണലുകളെ സംബന്ധിച്ചാണ് അപ്പലേറ്റ് ട്രിബ്യൂണൽ അധികാരിത പ്രയോഗിക്കേണ്ടത് എന്നുള്ളതുകൂടി (1)-ാം ഉപ വകുപ്പിൽ പരാമർശിച്ചിട്ടുള്ള വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കേണ്ടതാണ്.

[2][(3) (1)-ഉം (2)-ഉം ഉപ വകുപ്പുകളിൽ എന്തു തന്നെ അടങ്ങിയിരുന്നാലും, കേന്ദ്ര സർക്കാരിന്, ഒരു അപ്പലേറ്റ് ട്രിബ്യൂണലിന്റെ ചെയർപേഴ്സനെ മറ്റൊരു അപ്പലേറ്റ് ട്രിബ്യൂണലിന്റെ ചെയർപേഴ്സന്റെ ചുമതലകൾ കൂടി നിർവ്വഹിക്കുന്നതിന് അധികാരപ്പെടുത്താവുന്നതാണ്.]

9. അപ്പലേറ്റ് ട്രിബ്യൂണലിന്റെ ഘടന.—ഒരു അപ്പലേറ്റ് ട്രിബ്യൂണൽ കേന്ദ്ര സർക്കാരിനാൽ വിജ്ഞാപനംവഴി നിയമിക്കപ്പെടേണ്ട ഒരു ആൾ (ഇതിനുശേഷം [3][അപ്പലേറ്റ് ട്രിബ്യൂണലിന്റെ ചെയർപേഴ്സൺ] എന്നാണ് പരാമർശിക്കപ്പെടുക) മാത്രം അടങ്ങുന്നതാണ്.

10. [4][അപ്പലേറ്റ് ട്രിബ്യൂണലിന്റെ ചെയർപേഴ്സണായി] നിയമിക്കപ്പെടുന്നതിനുള്ള യോഗ്യതകൾ.—ഒരാൾ ഒരു [5][അപ്പലേറ്റ് ട്രിബ്യൂണലിന്റെ ചെയർപേഴ്സണായി] നിയമിക്കപ്പെടുന്നതിന് അദ്ദേഹം—

(ക) ഒരു ഹൈക്കോടതി ജഡ്ജി ആയിരിക്കുകയോ അല്ലെങ്കിൽ ആയിരുന്നിരിക്കുകയോ അല്ലെങ്കിൽ ആകാൻ യോഗ്യത ഉണ്ടായിരിക്കുകയോ; അല്ലെങ്കിൽ

(ഖ) ഇൻഡ്യൻ ലീഗൽ സർവീസിലെ ഒരു അംഗമായിരുന്നിരിക്കുകയും ആ സർവീസിൽ 1-ാം ഗ്രേഡ് തസ്തിക കുറഞ്ഞത് മൂന്ന് വർഷം വഹിച്ചിരിക്കുകയോ; അല്ലെങ്കിൽ

(ഗ) ഒരു ട്രിബ്യൂണലിന്റെ പ്രിസൈഡിംഗ് ആഫീസറായി കുറഞ്ഞത് മൂന്നു വർഷം ഉദ്യോഗം വഹിച്ചിട്ടുണ്ടായിരിക്കുകയോ ചെയ്യാത്തപക്ഷം, യോഗ്യനായിരിക്കുന്നതല്ല.

11. ഉദ്യോഗകാലാവധി.—ഒരു [6][അപ്പലേറ്റ് ട്രിബ്യൂണലിന്റെ ചെയർപേഴ്സൺ] അദ്ദേഹം തന്റെ ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ അഞ്ചുവർഷത്തേക്കോ അല്ലെങ്കിൽ അദ്ദേഹത്തിന് [7][അറുപത്തി അഞ്ച് വയസ്സ്] തികയുന്നതുവരെയോ ഇവയിൽ ഏതാണോ ആദ്യം അതുവരെയും ഉദ്യോഗം വഹിക്കുന്നതാണ്.

12. അപ്പലേറ്റ് ട്രിബ്യൂണലിന്റെ ഉദ്യോഗസ്ഥഗണം.—7-ാം വകുപ്പിലെ വ്യവസ്ഥകൾ (വസൂലാക്കൽ ഉദ്യോഗസ്ഥനെ സംബന്ധിക്കുന്നവ ഒഴികെ) ഒരു ട്രിബ്യൂണലിന് ബാധകമാകുന്നതു പോലെ ഒരു അപ്പലേറ്റ് ട്രിബ്യൂണലിന് കഴിയുന്നിടത്തോളം ബാധകമാകുന്നതും അതിനനുസൃതമായി ആ വകുപ്പിൽ "ട്രിബ്യൂണലിൽ" എന്നുള്ള പരാമർശങ്ങൾക്ക് "അപ്പലേറ്റ് ട്രിബ്യൂണലിൽ" എന്നുള്ള പരാമർശങ്ങളായി അർത്ഥം കൽപ്പിക്കേണ്ടതും "വസൂലാക്കൽ ആഫീസർ" എന്നുള്ള പരാമർശങ്ങൾ വിട്ടുകളഞ്ഞതായി കരുതേണ്ടതുമാണ്.

---

[1] 2000-ലെ 1-ാം നമ്പർ ഭേദഗതി ആക്റ്റ് പ്രകാരം പകരം ചേർത്തത്. (17-1-2000 മുതൽ പ്രാബല്യം).

[2, 3, 4, 5, 6] മേൽപ്പറഞ്ഞ ഭേദഗതി ആക്റ്റ് പ്രകാരം പകരം ചേർത്തത്. (17-1-2000 മുതൽ പ്രാബല്യം).

[7] 1995-ലെ 28-ാം നമ്പർ ഭേദഗതി ആക്റ്റ് പ്രകാരം പകരം ചേർത്തത്. (9-8-1995 മുതൽ പ്രാബല്യം).

13. പ്രിസൈഡിംഗ് ആഫീസർമാരുടെ ശമ്പളവും ബത്തകളും മറ്റ് സേവന വ്യവസ്ഥകളും നിബന്ധനകളും.—[1][ഒരു ട്രിബ്യൂണലിന്റെ പ്രിസൈഡിംഗ് ആഫീസർക്കോ അല്ലെങ്കിൽ ഒരു അപ്പലേറ്റ് ട്രിബ്യൂണലിന്റെ ചെയർപേഴ്സണോ] നല്കേണ്ട ശമ്പളവും ബത്തകളും പ്രിസൈഡിംഗ് ആഫീസറുടെ മറ്റ് സേവന വ്യവസ്ഥകളും നിബന്ധനകളും (പെൻഷനും ഗ്രാറ്റുവിറ്റിയും മറ്റ് സേവന വിരാമ ആനുകൂല്യങ്ങളും ഉൾപ്പെടെ) നിർണ്ണയിക്കപ്പെടുന്ന അങ്ങനെയുള്ള പ്രകാരമായിരിക്കുന്നതാണ്:

എന്നാൽ, നിയമനത്തിനുശേഷം, [2][ഒരു ട്രിബ്യൂണലിന്റെ പ്രിസൈഡിംഗ് ആഫീസറുടെയോ അല്ലെങ്കിൽ ഒരു അപ്പലേറ്റ് ട്രിബ്യൂണലിന്റെ ചെയർപേഴ്സന്റെയോ] ശമ്പളവും ബത്തകളുമോ മറ്റ് സേവന വ്യവസ്ഥകളും നിബന്ധനകളുമോ [3][അദ്ദേഹത്തിന് പ്രതികൂലമായി വ്യത്യാസപ്പെടുത്താൻ] പാടില്ലാത്തതാണ്.

14. ഒഴിവുകൾ നികത്തൽ.—[4][ഒരു ട്രിബ്യൂണലിന്റെ പ്രിസൈഡിംഗ് ആഫീസറുടേയോ അല്ലെങ്കിൽ ഒരു അപ്പലേറ്റ് ട്രിബ്യൂണലിന്റെ ചെയർപേഴ്സന്റേയോ] ഉദ്യോഗത്തിൽ ഏതെങ്കിലും കാരണത്താൽ താൽക്കാലിക അസാന്നിദ്ധ്യം അല്ലാതെയുള്ള ഏതെങ്കിലും ഒഴിവുണ്ടായാൽ കേന്ദ്ര സർക്കാർ ഈ ആക്റ്റിന്റെ വ്യവസ്ഥകൾക്കനുസൃതമായി ഒഴിവ് നികത്തുന്നതിനായി വേറൊരാളെ നിയമിക്കേണ്ടതും ട്രിബ്യൂണലിന്റേയോ അല്ലെങ്കിൽ അപ്പലേറ്റ് ട്രിബ്യൂണലിന്റെയോ മുമ്പാകെ ഒഴിവ് നികത്തപ്പെട്ട ഘട്ടം മുതൽക്കുള്ള നടപടികൾ തുടരേണ്ടതുമാണ്.

15. രാജിയും നീക്കം ചെയ്യലും.—(1) [5][ഒരു ട്രിബ്യൂണലിന്റെ പ്രിസൈഡിംഗ് ആഫീസർക്ക് അല്ലെങ്കിൽ ഒരു അപ്പലേറ്റ് ട്രിബ്യൂണലിന്റെ ചെയർപേഴ്സന്] കേന്ദ്ര സർക്കാരിനെ സംബോധന ചെയ്ത് കൈയൊപ്പോടുകൂടിയ ലിഖിതമായ നോട്ടീസ് വഴി അദ്ദേഹത്തിന്റെ ഉദ്യോഗം രാജി വയ്ക്കാവുന്നതാണ്:

എന്നാൽ, ഉടൻ തന്നെ അദ്ദേഹത്തിന്റെ ഉദ്യോഗം ത്യജിക്കാൻ കേന്ദ്ര സർക്കാർ അദ്ദേഹത്തെ അനുവദിക്കാത്ത പക്ഷം, [6][ഒരു ട്രിബ്യൂണലിന്റെ പ്രിസൈഡിംഗ് ആഫീസർ അല്ലെങ്കിൽ ഒരു അപ്പലേറ്റ് ട്രിബ്യൂണലിന്റെ ചെയർപേഴ്സൺ] അങ്ങനെയുള്ള നോട്ടീസ് സ്വീകരിച്ച തീയതി മുതൽ മൂന്ന് മാസം അവസാനിക്കുന്നതുവരെയോ അല്ലെങ്കിൽ അദ്ദേഹത്തിന്റെ പിൻഗാമിയായി യഥാവിധി നിയമിക്കപ്പെടുന്ന ആൾ അദ്ദേഹത്തിന്റെ ഉദ്യോഗത്തിൽ പ്രവേശിക്കുന്നതുവരെയോ അല്ലെങ്കിൽ അദ്ദേഹത്തിന്റെ ഉദ്യോഗകാലാവധി അവസാനിക്കുന്നതുവരെയോ, ഇവയിൽ ഏതാണോ ആദ്യം, അതുവരെയും ഉദ്യോഗം തുടരേണ്ടതാണ്.

(2) [7][ഒരു ട്രിബ്യൂണലിന്റെ പ്രിസൈഡിംഗ് ആഫീസറെയോ ഒരു അപ്പലേറ്റ് ട്രിബ്യൂണലിന്റെ ചെയർപേഴ്സണെയോ] അദ്ദേഹത്തിന്റെ ഉദ്യോഗത്തിൽ നിന്നും—

(ക) ഒരു ഹൈക്കോടതി ജഡ്ജി, ഒരു ട്രിബ്യൂണലിന്റെ പ്രിസൈഡിംഗ് ആഫീസറുടെ സംഗതിയിൽ;

(ഖ) ഒരു സുപ്രീംകോടതി ജഡ്ജി, ഒരു അപ്പലേറ്റ് ട്രിബ്യൂണലിന്റെ ചെയർപേഴ്സന്റെ സംഗതിയിൽ;

ഒരു ട്രിബ്യൂണലിന്റെ പ്രിസൈഡിംഗ് ആഫീസറെയോ അല്ലെങ്കിൽ ഒരു അപ്പലേറ്റ് ട്രിബ്യൂണലിന്റെ ചെയർപേഴ്സണെയോ അദ്ദേഹത്തിന് എതിരായിട്ടുള്ള കുറ്റാരോപണങ്ങൾ അദ്ദേഹത്തെ അറിയിക്കുകയും ആ കുറ്റാരോപണങ്ങൾ സംബന്ധിച്ച് അദ്ദേഹത്തിന് കേൾക്കപ്പെടുവാൻ ന്യായമായ ഒരു അവസരം നൽകുകയും ചെയ്യുന്ന അന്വേഷണത്തിനുശേഷം തെളിയിക്കപ്പെട്ട പെരുമാറ്റദൂഷ്യത്തിന്റെയോ കഴിവില്ലായ്മയുടെയോ കാരണത്തിൻമേൽ കേന്ദ്ര സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുവഴി അല്ലാതെ നീക്കം ചെയ്യാൻ പാടുള്ളതല്ല.

(3) കേന്ദ്ര സർക്കാരിന്, ചട്ടങ്ങളാൽ [8][ഒരു ട്രിബ്യൂണലിന്റെ പ്രിസൈഡിംഗ് ആഫീസറുടെയോ അല്ലെങ്കിൽ ഒരു അപ്പലേറ്റ് ട്രിബ്യൂണലിന്റെ ചെയർപേഴ്സന്റെയോ] പെരുമാറ്റദൂഷ്യത്തിന്റെയോ കഴിവില്ലായ്മയുടെയോ അന്വേഷണത്തിനുള്ള നടപടിക്രമം വ്യവസ്ഥപ്പെടുത്താവുന്നതാണ്.

---

1. 2000-ലെ 1-ാം നമ്പർ ഭേദഗതി ആക്റ്റ് പ്രകാരം പകരം ചേർത്തത്. (17-1-2000 മുതൽ പ്രാബല്യം).
2, 3, 4, 5, 6, 7, 8. മേൽപ്പറഞ്ഞ ഭേദഗതി ആക്റ്റ് പ്രകാരം പകരം ചേർത്തത്. (17-1-2000 മുതൽ പ്രാബല്യം).

GCPT. 3/2736/2010/DTP.

16. ട്രിബ്യൂണലോ അല്ലെങ്കിൽ അപ്പലേറ്റ് ട്രിബ്യൂണലോ രൂപീകരിച്ചുകൊണ്ടുള്ള ഉത്തരവുകൾ അന്തിമമായിരിക്കുന്നതും അതിന്റെ നടപടികളെ അസാധുവാക്കാവുന്നതല്ലെന്നും.—ഏതെങ്കിലും ആളെ [1][ഒരു ട്രിബ്യൂണലിന്റെ പ്രിസൈഡിംഗ് ആഫീസറായോ അല്ലെങ്കിൽ അപ്പലേറ്റ് ട്രിബ്യൂണലിന്റെ ചെയർപേഴ്സൺ ആയോ] നിയമിച്ചുകൊണ്ടുള്ള കേന്ദ്ര സർക്കാരിന്റെ യാതൊരു ഉത്തരവും ഒരു രീതിയിലും ചോദ്യം ചെയ്യപ്പെടാൻ പാടില്ലാത്തതും ഒരു ട്രിബ്യൂണലിന്റെയോ അല്ലെങ്കിൽ അപ്പലേറ്റ് ട്രിബ്യൂണലിന്റെയോ രൂപീകരണത്തിലുള്ള ഏതെങ്കിലും ന്യൂനതയുടെ കാരണത്താൽമാത്രം ഒരു ട്രിബ്യൂണലിന്റെയോ അപ്പലേറ്റ് ട്രിബ്യൂണലിന്റെയോ മുമ്പാകെയുള്ള യാതൊരു പ്രവർത്തിയോ നടപടിയോ ഒരു രീതിയിലും ചോദ്യം ചെയ്യപ്പെടാൻ പാടില്ലാത്തതുമാണ്.

## അദ്ധ്യായം III

## ട്രിബ്യൂണലുകളുടെ അധികാരിതയും അധികാരവും അധികാരശക്തിയും

17. ട്രിബ്യൂണലുകളുടെ അധികാരിതയും അധികാരവും അധികാരശക്തിയും.—(1) ഒരു ട്രിബ്യൂണൽ, ബാങ്കുകളിൽ നിന്നോ ധനകാര്യസ്ഥാപനങ്ങളിൽ നിന്നോ അങ്ങനെയുള്ള ബാങ്കുകൾക്കോ ധനകാര്യസ്ഥാപനങ്ങൾക്കോ കിട്ടാനുള്ള കടങ്ങൾ വസൂലാക്കുന്നതിനുവേണ്ടിയുള്ള അപേക്ഷകൾ പരിഗണനയ്ക്ക് സ്വീകരിക്കുന്നതിനും തീരുമാനിക്കുന്നതിനുമുള്ള അധികാരിതയും അധികാരവും അധികാരശക്തിയും നിശ്ചയിക്കപ്പെട്ട ദിവസത്തിലും അതുമുതൽക്കും പ്രയോഗിക്കേണ്ടതാണ്.

(2) ഒരു അപ്പലേറ്റ് ട്രിബ്യൂണൽ, ഈ ആക്റ്റ് പ്രകാരം ഒരു ട്രിബ്യൂണൽ പുറപ്പെടുവിച്ചതോ അല്ലെങ്കിൽ ട്രിബ്യൂണൽ പുറപ്പെടുവിച്ചതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും ഉത്തരവിനെതിരായുള്ള അപ്പീൽ പരിഗണനയ്ക്ക് സ്വീകരിക്കുന്നതിനുള്ള അധികാരിതയും അധികാരവും അധികാരശക്തിയും നിശ്ചയിക്കപ്പെട്ട ദിവസത്തിലും അതു മുതൽക്കും പ്രയോഗിക്കേണ്ടതാണ്.

[2][17ക. അപ്പലേറ്റ് ട്രിബ്യൂണലിന്റെ ചെയർപേഴ്സന്റെ അധികാരം.—(1) ഒരു അപ്പലേറ്റ് ട്രിബ്യൂണലിന്റെ ചെയർപേഴ്സൺ തന്റെ അധികാരിതയ്ക്ക് കീഴിൽ വരുന്ന ട്രിബ്യൂണലുകളിൻ മേലുള്ള മേലന്വേഷണവും നിയന്ത്രണവും സംബന്ധിച്ചും പ്രിസൈഡിംഗ് ആഫീസറുടെ പ്രവർത്തനം വിലയിരുത്തുന്നതിനും വാർഷിക രഹസ്യ റിപ്പോർട്ടുകൾ രേഖപ്പെടുത്തുന്നതിനുമുള്ള അധികാരം ഉൾപ്പെടെ, പൊതുവായ അധികാരം പ്രയോഗിക്കേണ്ടതാണ്.

(2) ട്രിബ്യൂണലുകൾക്കുമേൽ അധികാരിതയുള്ള ഒരു അപ്പലേറ്റ് ട്രിബ്യൂണലിന്റെ ചെയർപേഴ്സന്, കക്ഷികളിൽ ആരുടെയെങ്കിലും അപേക്ഷയിൻമേലോ അല്ലെങ്കിൽ സ്വയമേവ കക്ഷികൾക്ക് നോട്ടീസ് നൽകിയശേഷവും അവരെ കേട്ടതിനുശേഷവും ഏതെങ്കിലും കേസ് തീർപ്പാക്കുന്നതിനുവേണ്ടി ഒരു ട്രിബ്യൂണലിൽ നിന്നും മറ്റേതെങ്കിലും ട്രിബ്യൂണലിലേക്ക് മാറ്റാവുന്നതാണ്.]

18. അധികാരിതയ്ക്ക് തടസ്സം.—17-ാം വകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ച് യാതൊരു കോടതിക്കും മറ്റ് അധികാരസ്ഥാനത്തിനും (ഭരണഘടനയുടെ 226-ഉം 227-ഉം അനുച്ഛേദങ്ങൾ പ്രകാരം സുപ്രീംകോടതിയോ ഒരു ഹൈക്കോടതിയോ പ്രയോഗിക്കുന്ന അധികാരിത ഒഴികെ) ഏതെങ്കിലും അധികാരിതയോ അധികാരമോ അധികാരശക്തിയോ നിശ്ചയിക്കപ്പെട്ട ദിവസവും അതുമുതൽക്കും ഉണ്ടായിരിക്കുന്നതോ അല്ലെങ്കിൽ അവ പ്രയോഗിക്കാൻ അവകാശം ഉണ്ടായിരിക്കുന്നതോ അല്ല.

---

1. 2000-ലെ 1-ാം നമ്പർ ഭേദഗതി ആക്റ്റ് പ്രകാരം ചേർത്തത്. (17-1-2000 മുതൽ പ്രാബല്യം).
2. മേൽപ്പറഞ്ഞ ഭേദഗതി ആക്റ്റ് പ്രകാരം ചേർത്തത്. (17-1-2000 മുതൽ പ്രാബല്യം).

## അദ്ധ്യായം IV

## ട്രിബ്യൂണലുകളുടെ നടപടിക്രമം

[1][19. ട്രിബ്യൂണലിലേക്കുള്ള അപേക്ഷ.—(1) ഒരു ബാങ്കിനോ അല്ലെങ്കിൽ ഒരു ധനകാര്യ സ്ഥാപനത്തിനോ ഏതെങ്കിലും കടം ഏതെങ്കിലും ആളിൽ നിന്നും വസൂലാക്കേണ്ടതുണ്ടെങ്കിൽ ഏത് ട്രിബ്യൂണലിന്റെ അധികാരിതയുടെ തദ്ദേശാതിർത്തിക്കുള്ളിലാണോ—

(ക) അപേക്ഷ സമർപ്പിക്കുന്ന സമയം പ്രതിയോ, ഒന്നിലധികം പ്രതികളുള്ളിടത്ത്, പ്രതികളിൽ ഓരോരുത്തരോ യഥാർത്ഥത്തിലും സ്വേച്ഛയാലും താമസിക്കുകയോ ബിസിനസ് നടത്തുകയോ അല്ലെങ്കിൽ ലാഭത്തിനുവേണ്ടി സ്വയം ജോലിയിൽ ഏർപ്പെടുകയോ ചെയ്യുന്നത്; അല്ലെങ്കിൽ

(ഖ) അപേക്ഷ സമർപ്പിക്കുന്ന സമയം, ഒന്നിലധികം പ്രതികളുള്ളിടത്ത്, പ്രതികളിൽ ആരെങ്കിലും ഒരാൾ യഥാർത്ഥത്തിലും സ്വേച്ഛയാലും താമസിക്കുകയോ ബിസിനസ് നടത്തുകയോ അല്ലെങ്കിൽ ലാഭത്തിനുവേണ്ടി സ്വയം ജോലിയിൽ ഏർപ്പെടുകയോ ചെയ്യുന്നത്; അല്ലെങ്കിൽ

(ഗ) പൂർണ്ണമായോ ഭാഗികമായോ വ്യവഹാര കാരണം ഉത്ഭവിക്കുകയോ ചെയ്യുന്നത്, ആ ട്രിബ്യൂണലിന് ഒരു അപേക്ഷ സമർപ്പിക്കാവുന്നതാണ്:]

[2][എന്നാൽ, സെക്യൂരിറ്റൈസേഷൻ ആൻഡ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്റ്റ്, 2002 പ്രകാരം നടപടി എടുക്കുന്നതിലേക്കായി, ആ ആക്റ്റ് പ്രകാരം അങ്ങനെയുള്ള യാതൊരു നടപടിയും മുമ്പ് എടുത്തിട്ടില്ലായെങ്കിൽ, എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആൻഡ് റിക്കവറി ഓഫ് ഡെറ്റ്സ് ലാസ് (അമെന്റ്മെന്റ്) ആക്റ്റ്, 2004 നിലവിൽ വരുന്നതിനുമുമ്പോ പിമ്പോ സമർപ്പിച്ചിട്ടുള്ള അപേക്ഷ, ബാങ്കിനോ ധനകാര്യ സ്ഥാപനത്തിനോ അതിന്റെ അപേക്ഷയിന്മേൽ, കടങ്ങൾ വസൂലാക്കൽ ട്രിബ്യൂണലിന്റെ അനുമതിയോടുകൂടി, പിൻവലിക്കാവുന്നതാണ്:

എന്നുമാത്രമല്ല, (1)-ാം ഉപവകുപ്പുപ്രകാരം സമർപ്പിച്ചിട്ടുള്ള അപേക്ഷ പിൻവലിക്കുന്നതിന് കടങ്ങൾ വസൂലാക്കൽ ട്രിബ്യൂണലിന്റെ അനുമതിക്കായി ഒന്നാം പരിമിതി വ്യവസ്ഥ പ്രകാരം സമർപ്പിക്കപ്പെടുന്ന ഏതൊരു അപേക്ഷയും, കഴിയുന്നത്ര വേഗത്തിൽ അത് കൈകാര്യം ചെയ്യേണ്ടതും അങ്ങനെയുള്ള അപേക്ഷയുടെ തീയതി മുതൽ മുപ്പതു ദിവസത്തിനകം തീർപ്പാക്കേണ്ടതുമാണ്:

എന്നുതന്നെയുമല്ല, ഈ ഉപവകുപ്പുപ്രകാരം സമർപ്പിച്ചിട്ടുള്ള അപേക്ഷ പിൻവലിക്കുന്നതിനുള്ള അനുമതി നല്കുന്നത് കടങ്ങൾ വസൂലാക്കൽ ട്രിബ്യൂണൽ നിരസിക്കുന്ന സംഗതിയിൽ, അതിനുള്ള കാരണങ്ങൾ രേഖപ്പെടുത്തിയശേഷം, അങ്ങനെയുള്ള ഉത്തരവുകൾ അത് പാസ്സാക്കേണ്ടതാണ്.]

(2) ഒരു ബാങ്കോ അല്ലെങ്കിൽ ഒരു ധനകാര്യ സ്ഥാപനമോ ഏതെങ്കിലും ആളിൽനിന്നും അതിന്റെ കടം വസൂലാക്കുന്നതിന് (1)-ാം ഉപവകുപ്പുപ്രകാരം ട്രിബ്യൂണലിന് ഒരു അപേക്ഷ നല്കിയിട്ടുള്ളിടത്ത് മറ്റൊരു ബാങ്കിനോ ധനകാര്യ സ്ഥാപനത്തിനോ കൂടി അതിന്റെ കടം വസൂലാക്കുന്നതിന് അതേ ആളിനെതിരെ ഒരു അവകാശവാദം ഉള്ളപ്പോൾ രണ്ടാമത്തെ ബാങ്കിനോ ധനകാര്യ സ്ഥാപനത്തിനോ നടപടികളുടെ അന്തിമ ഉത്തരവ് പാസ്സാക്കുന്നതിന് മുമ്പ് ഏതവസ്ഥയിലും ആ ട്രിബ്യൂണലിന് ഒരു അപേക്ഷ നല്കുകവഴി ഹർജിക്കാരനായ ബാങ്കിനോടോ ധനകാര്യ സ്ഥാപനത്തോടോ ഒപ്പം കക്ഷിചേരാവുന്നതാണ്.

(3) (1)-ാം ഉപവകുപ്പോ (2)-ാം ഉപവകുപ്പോ പ്രകാരമുള്ള ഓരോ അപേക്ഷയും നിർണ്ണയിക്കപ്പെട്ട അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള രേഖകളോടോ തെളിവോടോ കൂടിയും അങ്ങനെയുള്ള ഫീസ് സഹിതവും ആയിരിക്കേണ്ടതാണ്:

എന്നാൽ, ഫീസ് നിർണ്ണയിക്കപ്പെടേണ്ടത് വസൂലാക്കേണ്ട കടത്തുക പരിഗണിച്ചുകൊണ്ടായിരിക്കണം:

---

1. 2000-ലെ 1-ാം നമ്പർ ഭേദഗതി ആക്റ്റ്പ്രകാരം പകരം ചേർത്തത് (17-1-2000 മുതൽ പ്രാബല്യം).

2. 2004-ലെ 30-ാം നമ്പർ ഭേദഗതി ആക്റ്റ്പ്രകാരം ചേർത്തത് (11-11-2004 മുതൽ പ്രാബല്യം).

എന്നുമാത്രമല്ല, ഈ ഉപവകുപ്പിൽ ഫീസിനെ സംബന്ധിച്ച് അടങ്ങിയിട്ടുള്ള യാതൊന്നും 31-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം ട്രിബ്യൂണലിലേക്ക് മാറ്റപ്പെട്ട കേസുകൾക്ക് ബാധകമാകുന്നതല്ല.

(4) ട്രിബ്യൂണൽ, (1)-ാം ഉപവകുപ്പോ (2)-ാം ഉപവകുപ്പോ പ്രകാരം ഒരു അപേക്ഷ സ്വീകരിച്ചാൽ അഭ്യർത്ഥിച്ചിട്ടുള്ള നിവൃത്തി എന്തുകൊണ്ട് അനുവദിച്ചുകൂടാ എന്നുള്ള കാരണം സമൻസ് പുറപ്പെടുവിച്ച് മുപ്പതു ദിവസത്തിനകം ബോധിപ്പിക്കുവാൻ ആവശ്യപ്പെട്ട് പ്രതിക്ക് സമൻസ് അയയ്ക്കേണ്ടതാണ്.

(5) പ്രതി, ആദ്യമായി കേൾക്കപ്പെടുമ്പോഴോ അതിനുമുമ്പോ അല്ലെങ്കിൽ ട്രിബ്യൂണൽ അനുവദിക്കുന്ന അങ്ങനെയുള്ള സമയത്തിനുള്ളിലോ തന്റെ എതിർവാദത്തിന് ഒരു പത്രിക ഹാജരാക്കേണ്ടതാണ്.

(6) പ്രതി, അപേക്ഷകനിൽ നിന്നും തനിക്ക് നിയമപരമായി വസൂലാക്കപ്പെടാവുന്നതായി തിട്ടപ്പെടുത്തിയ ഏതെങ്കിലും തുക അങ്ങനെ അപേക്ഷകൻ ആവശ്യപ്പെട്ട തുകയിൽനിന്ന് തട്ടിക്കിഴിക്കണമെന്ന് അവകാശപ്പെടുന്നിടത്ത്, പ്രതിക്ക് അപേക്ഷയുടെ ആദ്യ കേൾക്കലിന്, എന്നാൽ ട്രിബ്യൂണൽ അനുവദിക്കാത്തപക്ഷം, അതിനുശേഷം കഴിയാത്തത്, തട്ടിക്കിഴിക്കപ്പെടാൻ ആഗ്രഹിക്കുന്ന കടത്തിന്റെ വിവരങ്ങൾ അടങ്ങുന്ന ഒരു പത്രിക ഹാജരാക്കാവുന്നതാണ്.

(7) പത്രികയ്ക്ക്, അസ്സൽ അവകാശവാദവും തട്ടിക്കിഴിക്കലും സംബന്ധിച്ച് ഒരു അന്തിമ ഉത്തരവ് പാസ്സാക്കുന്നതിന് ട്രിബ്യൂണലിന് സാധ്യമാക്കുംവിധം ഒരു എതിർ വ്യവഹാരത്തിൽ ഒരു അന്യായത്തിനെന്നപോലെ അതേ പ്രഭാവം ഉണ്ടായിരിക്കുന്നതാണ്.

(8) പ്രതിക്ക്, ഒരു അപേക്ഷയിൽ, (6)-ാം ഉപവകുപ്പുപ്രകാരം ഒരു തട്ടിക്കിഴിക്കലിന് വാദിക്കുന്നതിന് അയാൾക്കുള്ള അവകാശത്തിന് പുറമേ, അപേക്ഷകന്റെ അവകാശ വാദത്തിനെതിരെ എതിർ അവകാശവാദം വഴി, അങ്ങനെയുള്ള എതിർ അവകാശവാദം, നഷ്ടപരിഹാരത്തിനുള്ള ഒരു അവകാശവാദത്തിന്റെ രീതിയിലുള്ളതോ അല്ലാത്തതോ ആണെന്നാലും, അപേക്ഷ ഫയൽ ചെയ്യുന്നതിന് മുമ്പോ പിമ്പോ എന്നാൽ പ്രതി തന്റെ എതിർവാദം നല്കുന്നതിന് മുമ്പോ അപേക്ഷകനെതിരെ പ്രതിക്ക് സിദ്ധിക്കുന്ന ഒരു വ്യവഹാര കാരണത്തെ സംബന്ധിച്ച ഏതെങ്കിലും അവകാശമോ അവകാശവാദമോ ഉന്നയിക്കാവുന്നതാണ്.

(9) (8)-ാം ഉപവകുപ്പുപ്രകാരമുള്ള ഒരു എതിർ അവകാശവാദത്തിന്, അസ്സൽ അവകാശ വാദത്തിന്മേലും എതിർ അവകാശവാദത്തിന്മേലും രണ്ടിനും ഒരേ അപേക്ഷയിന്മേൽ ഒരു അന്തിമ ഉത്തരവ് പാസ്സാക്കുന്നതിന് ട്രിബ്യൂണലിനെ സാധ്യമാക്കുംവിധം ഒരു എതിർ വ്യവഹാരം എന്നപോലെ അതേ പ്രഭാവം ഉണ്ടായിരിക്കുന്നതാണ്.

(10) അപേക്ഷകന്, ട്രിബ്യൂണൽ നിശ്ചയിക്കുന്ന അങ്ങനെയുള്ള കാലയളവിനുള്ളിൽ പ്രതിയുടെ എതിർ അവകാശത്തിന് മറുപടിയായി ഒരു പത്രിക ഫയൽ ചെയ്യുന്നതിന്, സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതാണ്.

(11) ഒരു പ്രതി ഒരു എതിർ അവകാശവാദം ഉന്നയിക്കുകയും അതുവഴി ഉന്നയിക്കപ്പെട്ട അവകാശവാദം എതിർ അവകാശവാദമായി തീർപ്പാക്കപ്പെടേണ്ടതല്ലെന്നും ഒരു പ്രത്യേക നടപടിയിലൂടെ മാത്രമേ ആകാവൂ എന്നും അപേക്ഷകൻ തർക്കിക്കുന്നിടത്ത്, അപേക്ഷകൻ എതിർ അവകാശവാദത്തെ സംബന്ധിച്ച തർക്ക വിഷയം തീരുമാനിക്കപ്പെടുന്നതിനുമുൻപ് ഏതു സമയത്തും അങ്ങനെയുള്ള എതിർ അവകാശവാദം ഒഴിവാക്കപ്പെടണമെന്നുള്ള ഉത്തരവിനുവേണ്ടി ട്രിബ്യൂണലിനോട് അപേക്ഷിക്കാവുന്നതും, ട്രിബ്യൂണലിന് അങ്ങനെയുള്ള അപേക്ഷ കേട്ടതിന്മേൽ അതിനുയുക്തമെന്നു തോന്നുന്ന അങ്ങനെയുള്ള ഉത്തരവ് പുറപ്പെടുവിക്കാവുന്നതുമാണ്.

(12) ട്രിബ്യൂണലിന്റെ മുൻകൂർ അനുമതി കൂടാതെ പ്രതിക്ക് സ്വന്തമായുള്ള ഏതെങ്കിലും വസ്തുക്കളോ സ്വന്തമായുള്ള മുതലുകളോ കൈമാറ്റം ചെയ്യുന്നതിൽനിന്നോ അന്യാധീനപ്പെടുത്തു ന്നതിൽനിന്നോ അല്ലെങ്കിൽ മറ്റു വിധത്തിൽ ഇടപാടുകൾ നടത്തുന്നതിൽ നിന്നോ അല്ലെങ്കിൽ കൈയൊഴിക്കുന്നതിൽ നിന്നോ അയാളെ തടയുന്നതിന് അയാൾക്കെതിരെ ട്രിബ്യൂണലിന് ഒരു ഇടക്കാല ഉത്തരവ് (ഇൻജങ്ഷനോ നിരോധനമോ ജപ്തിയോ വഴി) പുറപ്പെടുവിക്കാവുന്നതാണ്.

(13) (ക) പ്രതി, അയാൾക്കെതിരെ പുറപ്പെടുവിക്കാവുന്ന ഏതെങ്കിലും കടം വസൂലാക്കൽ ഉത്തരവ് നടപ്പാക്കൽ തടസ്സപ്പെടുത്തുന്നതിനോ കാലതാമസം വരുത്തുന്നതിനോ വിഫലപ്പെടുത്തുന്നതിനോ ഉള്ള ഉദ്ദേശ്യത്തോടുകൂടി,—

(i) അയാളുടെ വസ്തു പൂർണ്ണമായോ ഏതെങ്കിലും ഭാഗമോ കൈയൊഴിയാൻ പോവുകയോ ; അല്ലെങ്കിൽ

(ii) ട്രിബ്യൂണലിന്റെ അധികാരിതയുടെ തദ്ദേശാതിർത്തിയിൽനിന്നും അയാളുടെ വസ്തു പൂർണ്ണമായോ ഏതെങ്കിലും ഭാഗമോ നീക്കം ചെയ്യാൻ പോവുകയോ ; അല്ലെങ്കിൽ

(iii) വസ്തുവിന് ഏതെങ്കിലും നഷ്ടമോ നാശമോ ഉണ്ടാക്കുന്നതിനോ അല്ലെങ്കിൽ ദുരുപയോഗത്താലോ മൂന്നാമതൊരാൾക്ക് അവകാശം സൃഷ്ടിച്ചുകൊണ്ടോ അതിന്റെ മൂല്യത്തെ ബാധിക്കുന്നതിനോ ഇടയുള്ളതോ,

ആണെന്ന് നടപടികളുടെ ഏതെങ്കിലും ഘട്ടത്തിൽ സത്യവാങ്മൂലത്താലോ മറ്റു വിധത്തിലോ ട്രിബ്യൂണലിന് ബോദ്ധ്യപ്പെടുന്നപക്ഷം, ട്രിബ്യൂണലിന്, അത് നിശ്ചയിക്കുന്ന സമയത്തിനുള്ളിൽ, ഉത്തരവിൽ വിനിർദ്ദേശിക്കപ്പെടാവുന്ന അങ്ങനെയുള്ള തുകയ്ക്കുള്ള ജാമ്യം നല്കുന്നതിനോ ആവശ്യപ്പെടുമ്പോൾ പ്രസ്തുത വസ്തുവോ അതിന്റെ വിലയോ അല്ലെങ്കിൽ കടം വസൂലാക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് നിറവേറ്റുന്നതിന് മതിയായത്രയും അതിന്റെ അങ്ങനെയുള്ള ഭാഗമോ ട്രിബ്യൂണലിന്റെ തീർപ്പിനായി ഹാജരാക്കുന്നതിനും സമർപ്പിക്കുന്നതിനും, അല്ലെങ്കിൽ ഹാജരാകുന്നതിനും അയാൾ എന്തുകൊണ്ട് ജാമ്യം നല്കേണ്ടതില്ലെന്ന കാരണം കാണിക്കുന്നതിനും ട്രിബ്യൂണലിന് പ്രതിയോട് നിർദ്ദേശിക്കാവുന്നതാണ്.

(ഖ) ട്രിബ്യൂണൽ നിശ്ചയിച്ച സമയത്തിനുള്ളിൽ പ്രതി ജാമ്യം നല്കാതിരിക്കാനുള്ള കാരണം കാണിക്കുന്നതിൽ വീഴ്ചവരുത്തുകയോ അല്ലെങ്കിൽ ആവശ്യപ്പെട്ട ജാമ്യം നല്കുന്നതിൽ വീഴ്ച വരുത്തുകയോ ചെയ്യുന്നപക്ഷം, അയാൾക്ക് അനുകൂലമായി നേടിയതോ അല്ലെങ്കിൽ മറ്റു വിധത്തിലോ കടം വസൂലാക്കലിനുള്ള ഏതെങ്കിലും സർട്ടിഫിക്കറ്റ് നിറവേറ്റുന്നതിന് മതിയായതാണെന്ന് തോന്നുന്ന പ്രതിയുടെ ഉടമസ്ഥതയിലുള്ള വസ്തു പൂർണ്ണമായോ അല്ലെങ്കിൽ അങ്ങനെയുള്ള ഭാഗമോ ജപ്തി ചെയ്യുന്നതിന് ട്രിബ്യൂണലിന് ഉത്തരവിടാവുന്നതാണ്.

(14) ട്രിബ്യൂണൽ മറ്റുവിധത്തിൽ നിർദ്ദേശിക്കാത്തപക്ഷം, ജപ്തി ചെയ്യപ്പെടാൻ ആവശ്യപ്പെട്ട വസ്തുവും അതിന്റെ മതിപ്പുവിലയും അപേക്ഷകൻ വിനിർദ്ദേശിക്കേണ്ടതാണ്.

(15) ട്രിബ്യൂണലിന്, ഉത്തരവിൽ (14)-ാം ഉപവകുപ്പുപ്രകാരം വിനിർദ്ദേശിക്കപ്പെട്ട വസ്തു പൂർണ്ണമായോ അതിന്റെ ഏതെങ്കിലും ഭാഗമോ സോപാധികമായി ജപ്തി ചെയ്യുന്നതിന്കൂടി വിനിർദ്ദേശിക്കാവുന്നതാണ്.

(16) ജപ്തിക്കുള്ള ഒരു ഉത്തരവ്, (13)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ പാലിക്കാതെയാണ് പുറപ്പെടുവിക്കപ്പെട്ടതെങ്കിൽ അങ്ങനെയുള്ള ജപ്തി അസാധുവാകുന്നതാണ്.

(17) (12)ഉം (13)ഉം (18)ഉം ഉപവകുപ്പുകൾ പ്രകാരം ട്രിബ്യൂണൽ പുറപ്പെടുവിച്ച ഒരു ഉത്തരവ് അനുസരിക്കാതിരിക്കലിന്റെയോ അല്ലെങ്കിൽ ഏത് നിബന്ധനകളിന്മേലാണോ ഉത്തരവ് പുറപ്പെടുവിക്കപ്പെട്ടത് അവയിൽ ഏതെങ്കിലും നിബന്ധനകളുടെ ലംഘനത്തിന്റെയോ സംഗതിയിൽ, ട്രിബ്യൂണലിന്, അങ്ങനെയുള്ള അനുസരിക്കാതിരിക്കലിനോ ലംഘനത്തിനോ കുറ്റക്കാരനായ ആളിന്റെ വസ്തുക്കൾ ജപ്തി ചെയ്യുന്നതിന് ഉത്തരവ് പുറപ്പെടുവിക്കാവുന്നതും, അങ്ങനെയുള്ള ആളെ സിവിൽ കാരാഗൃഹത്തിൽ മൂന്നുമാസത്തിൽ കവിയാത്ത കാലത്തേയ്ക്ക്, അതിനകം അയാളെ വിട്ടയയ്ക്കാൻ ട്രിബ്യൂണൽ നിർദ്ദേശിക്കാത്തപക്ഷം, തടങ്കലിൽ വയ്ക്കുന്നതിനുംകൂടി ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്.

(18) നീതിപൂർവ്വമെന്നോ സൗകര്യപ്രദമെന്നോ ട്രിബ്യൂണലിന് തോന്നുന്നിടത്ത്, ഉത്തരവ് വഴി, ട്രിബ്യൂണലിന്,—

(ക) കടം വസൂലാക്കലിനുള്ള സർട്ടിഫിക്കറ്റ് നല്കുന്നതിനു മുമ്പോ പിമ്പോ ഏതെങ്കിലും വസ്തുവിന് ഒരു റിസീവറെ നിയമിക്കാവുന്നതും ;

(ഖ) ഏതൊരു ആളെയും വസ്തുവിന്റെ കൈവശത്തിലോ സൂക്ഷിപ്പിലോ നിന്നും മാറ്റാവുന്നതും ;

(ഗ) അതിനെ റിസീവറുടെ കൈവശത്തിലോ സൂക്ഷിപ്പിലോ മാനേജുമെന്റിലോ ഭരമേല്പിക്കാവുന്നതും ;

(ഘ) കോടതികളിൽ വ്യവഹാരങ്ങൾ കൊടുക്കുന്നതിനും പ്രതിവാദിക്കുന്നതിനും അല്ലെങ്കിൽ ട്രിബ്യൂണൽ മുമ്പാകെ അപേക്ഷകൾ ഫയൽ ചെയ്യുന്നതിനും പ്രതിവാദിക്കുന്നതിനും വസ്തുക്കൾ കൈവശപ്പെടുത്തുന്നതിനും നോക്കിനടത്തുന്നതിനും സംരക്ഷിക്കുന്നതിനും കാത്തു സൂക്ഷിക്കുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനും അതിന്റെ വാടകയും ആദായങ്ങളും സംഭരിക്കു ന്നതിനും, അത്തരം വാടകയുടെയും ആദായങ്ങളുടെയും ഉപയോഗിക്കലിനും ചെലവഴിക്കലിനും ഉടമസ്ഥൻ തന്നെ എന്ന പോലെ കരണങ്ങൾ ചമയ്ക്കുന്നതിനും ട്രിബ്യൂണലിന് യുക്തമെന്ന് തോന്നുന്നവയിൽ അങ്ങനെയുള്ള അധികാരങ്ങളും റിസീവർക്ക് നല്കാവുന്നതും ;

(ങ) പ്രതിയുടെ വസ്തുക്കളുടെ വിവരപ്പട്ടിക തയ്യാറാക്കുന്നതിനോ അവയുടെ വില്പനയ്ക്കോ വേണ്ടി കമ്മീഷണറെ നിയമിക്കാവുന്നതും,

ആകുന്നു.

(19) കമ്പനികൾ ആക്റ്റ്, 1956 (1956-ലെ 1) പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു കമ്പനിക്ക് എതിരെ ഒരു വസൂലാക്കൽ സർട്ടിഫിക്കറ്റ് നല്കിയിട്ടുള്ള പക്ഷം, ട്രിബ്യൂണലിന്, കമ്പനികൾ ആക്റ്റ്, 1956-ലെ 529 ക വകുപ്പുപ്രകാരമുള്ള വ്യവസ്ഥകൾക്ക് അനുസൃതമായി അങ്ങനെയുള്ള കമ്പനി വിറ്റുകിട്ടിയത് അതിന്റെ ഈട് ഉറപ്പാക്കിയ ഉത്തമർണ്ണൻമാർക്കിടയിൽ വിതരണം നടത്തേണ്ടതിനും മിച്ചം ഏതെങ്കിലുമുണ്ടെങ്കിൽ കമ്പനിക്ക് കൊടുക്കുന്നതിനും ഉത്തരവ് പുറപ്പെടുവിക്കാവുന്നതുമാണ്.

(20) ട്രിബ്യൂണലിന്, നീതിയുടെ ലക്ഷ്യപ്രാപ്തിക്ക് യുക്തമെന്ന് അതിന് തോന്നുന്ന പ്രകാരം, അപേക്ഷയിൻമേൽ, അപേക്ഷകനും പ്രതിയും കേൾക്കപ്പെടുന്നതിന് ഒരു അവസരം നല്കിയതി നുശേഷം, തുക നല്കാനുണ്ടെന്ന് കാണപ്പെടുന്ന തീയതിക്കോ അതിനുമുമ്പോ മുതൽ വസൂലാ ക്കൽ അല്ലെങ്കിൽ യഥാർത്ഥത്തിൽ പണം നല്കിയ തീയതിവരെയുള്ള പലിശ നല്കാനുള്ള ഉത്ത രവ് ഉൾപ്പെടെ അങ്ങനെയുള്ള ഇടക്കാല ഉത്തരവോ അന്തിമ ഉത്തരവോ പുറപ്പെടുവിക്കാ വുന്നതാണ്.

(21) ട്രിബ്യൂണൽ, അത് പുറപ്പെടുവിച്ച ഓരോ ഉത്തരവിന്റെയും ഓരോപകർപ്പ് അപേക്ഷകനും പ്രതിക്കും അയച്ചുകൊടുക്കേണ്ടതാണ്.

(22) പ്രിസൈഡിംഗ് ആഫീസർ, ട്രിബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, തന്റെ കൈയൊപ്പോടുകൂടിയ ഒരു സർട്ടിഫിക്കറ്റ്, സർട്ടിഫിക്കറ്റിൽ വിനിർദ്ദേശിച്ചിട്ടുള്ള കടത്തുക വസൂലാക്കുന്നതിനു വേണ്ടി റിക്കവറി ആഫീസർക്ക് നല്കേണ്ടതാണ്.

(23) വസൂലാക്കൽ സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ച ട്രിബ്യൂണലിന്, വസ്തു രണ്ടോ അതിലധികമോ ട്രിബ്യൂണലുകളുടെ തദ്ദേശാധികാരാതിർത്തിക്കുള്ളിൽ സ്ഥിതിചെയ്യുന്നുവെന്ന് ബോദ്ധ്യപ്പെടുന്നപക്ഷം, അതിന്, വസ്തു സ്ഥിതിചെയ്യുന്നിടത്തെ അങ്ങനെയുള്ള മറ്റ് ട്രിബ്യൂണലുകൾക്ക് വസൂലാക്കൽ സർട്ടിഫിക്കറ്റിന്റെ പകർപ്പുകൾ നടത്തിപ്പിനായി അയച്ചു കൊടുക്കാവുന്നതാണ്:

എന്നാൽ, വസൂലാക്കൽ സർട്ടിഫിക്കറ്റ് നടത്തിപ്പിനായി അയച്ചു കിട്ടിയ ട്രിബ്യൂണലിന്, വസൂലാക്കൽ സർട്ടിഫിക്കറ്റ് അനുസരിച്ച് പ്രവർത്തിക്കുന്നതിനുള്ള അധികാരം ഇല്ലെന്ന് കാണുന്ന ഒരു സംഗതിയിൽ, അതിന്, അത് പുറപ്പെടുവിച്ച ട്രിബ്യൂണലിലേക്ക് തിരിച്ചയയ്ക്കാവുന്നതാണ്.

(24) (1)-ാം ഉപവകുപ്പോ (2)-ാം ഉപവകുപ്പോ പ്രകാരം ട്രിബ്യൂണലിന് നല്കിയ അപേക്ഷ, അത് കഴിയുന്നത്ര വേഗത്തിൽ കൈകാര്യം ചെയ്യേണ്ടതും അപേക്ഷ ലഭിച്ച തീയതി മുതൽ നൂറ്റി എൺപത് ദിവസത്തിനുള്ളിൽ അന്തിമമായി അപേക്ഷ തീർപ്പാക്കുന്നതിന് യത്നിക്കേണ്ടതുമാണ്.

(25) ട്രിബ്യൂണലിന്, അതിന്റെ ഉത്തരവുകൾ ഫലത്തിൽ വരുത്തുന്നതിനോ അല്ലെങ്കിൽ അതിന്റെ നടപടികൾ ദുർവിനിയോഗം ചെയ്യുന്നത് തടയുന്നതിനോ അല്ലെങ്കിൽ നീതിലക്ഷ്യങ്ങൾ ഉറപ്പാക്കുന്നതിനോവേണ്ടി ആവശ്യമായേക്കാവുന്നതോ സമീചീനമായതോ ആയ അങ്ങനെയുള്ള ഉത്തരവുകൾ പുറപ്പെടുവിക്കുകയോ അങ്ങനെയുള്ള നിർദ്ദേശങ്ങൾ നല്കുകയോ ചെയ്യാവു ന്നതുമാണ്.]

20. <u>അപ്പലേറ്റ് ട്രിബ്യൂണലിലേക്കുള്ള അപേക്ഷ.</u>—(1) (2)-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരമൊഴികെ, ഈ ആക്റ്റിൻകീഴിൽ ഒരു ട്രിബ്യൂണൽ പുറപ്പെടുവിച്ചതോ അല്ലെങ്കിൽ പുറപ്പെടുവിച്ചിട്ടുള്ളതായി കരുതപ്പെടുന്നതോ ആയ ഒരു ഉത്തരവിനാൽ സങ്കടമനുഭവിക്കുന്ന ഏതൊരു ആൾക്കും ആ കാര്യത്തിൽ അധികാരിതയുള്ള ഒരു അപ്പലേറ്റ് ട്രിബ്യൂണലിലേക്ക് ഒരു അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

(2) കക്ഷികളുടെ സമ്മതത്തോടുകൂടി ഒരു ട്രിബ്യൂണൽ പുറപ്പെടുവിക്കുന്ന ഒരു ഉത്തര വിൽ നിന്ന് യാതൊരു അപ്പീലും അപ്പലേറ്റ് ട്രിബ്യൂണലിൽ നിലനില്ക്കുന്നതല്ല.

(3) (1)-ാം ഉപവകുപ്പുപ്രകാരമുള്ള ഓരോ അപ്പീലും, ട്രിബ്യൂണൽ പുറപ്പെടുവിച്ചതോ അല്ലെങ്കിൽ പുറപ്പെടുവിച്ചിട്ടുള്ളതായി കരുതപ്പെടുന്നതോ ആയ ഉത്തരവിന്റെ ഒരു പകർപ്പ് അയാൾ കൈപ്പറ്റുന്ന തീയതിമുതൽ നാല്പത്തിയഞ്ചു ദിവസത്തിനകം ഫയൽ ചെയ്യേണ്ടതും അത് അങ്ങനെയുള്ള ഫാറത്തിലും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫീസും സഹിതം ആയിരിക്കേണ്ടതുമാണ്:

എന്നാൽ, അപ്പലേറ്റ് ട്രിബ്യൂണലിന്, പ്രസ്തുത നാൽപത്തിയഞ്ച് ദിവസത്തെ കാലയളവി നുള്ളിൽ അപ്പീൽ ബോധിപ്പിക്കാതിരിക്കുന്നതിന് മതിയായ കാരണമുണ്ടായിരുന്നുവെന്ന് ബോദ്ധ്യപ്പെടുകയാണെങ്കിൽ, ആ കാലയളവ് കഴിഞ്ഞതിനുശേഷവും അപ്പീൽ പരിഗണനയ്ക്ക് സ്വീകരിക്കാവുന്നതാണ്.

(4) (1)-ാം ഉപവകുപ്പുപ്രകാരം ഒരു അപ്പീൽ ലഭിക്കുന്നതിന്മേൽ, അപ്പലേറ്റ് ട്രിബ്യൂണലിന്, അപ്പീലിലെ കക്ഷികൾക്ക് കേൾക്കപ്പെടുവാനുള്ള ഒരു അവസരം നല്കിയതിനുശേഷം, ഉത്തരവി നെതിരായി ബോധിപ്പിച്ച അപ്പീലിൻമേൽ ആ ഉത്തരവ് സ്ഥിരീകരിച്ചുകൊണ്ടോ ഭേദഗതി ചെയ്തു കൊണ്ടോ അല്ലെങ്കിൽ സ്ഥിരപ്പെടുത്തിക്കൊണ്ടോ അതിന് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള ഉത്തരവുകൾ പാസ്സാക്കാവുന്നതാണ്.

(5) അപ്പലേറ്റ് ട്രിബ്യൂണൽ അത് പാസ്സാക്കുന്ന ഓരോ ഉത്തരവിന്റെയും ഒരു പകർപ്പ് അപ്പീലിലെ കക്ഷികൾക്കും ബന്ധപ്പെട്ട ട്രിബ്യൂണലിനും അയച്ചുകൊടുക്കേണ്ടതാണ്.

(6) (1)-ാം ഉപവകുപ്പുപ്രകാരം അപ്പലേറ്റ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്യപ്പെട്ട ഒരു അപ്പീൽ കഴിയുന്നത്ര വേഗത്തിൽ അത് കൈകാര്യം ചെയ്യേണ്ടതും അപ്പീൽ സ്വീകരിക്കുന്ന തീയതി മുതൽ ആറുമാസത്തിനകം അപ്പീൽ അന്തിമമായി തീർപ്പ് കല്പിക്കുന്നതിന് അത് യത്നിക്കേണ്ടതും ആകുന്നു.

21. <u>അപ്പീൽ ഫയൽ ചെയ്യുന്നതിന് ചെല്ലേണ്ട കടത്തുക നിക്ഷേപിക്കണമെന്ന്.</u>—ഒരു ബാങ്കിനോ ഒരു ധനകാര്യസ്ഥാപനത്തിനോ ബാങ്കുകളുടെയോ ധനകാര്യസ്ഥാപനങ്ങളുടെയോ ഒരു കൺസോർഷ്യത്തിനോ ഏത് ആളിൽ നിന്നാണോ കടത്തുക ചെല്ലാനുള്ളത് ആ ആൾ ഒരു അപ്പീൽ ബോധിപ്പിക്കുമ്പോൾ അങ്ങനെയുള്ള അപ്പീൽ, 19-ാം വകുപ്പുപ്രകാരം ട്രിബ്യൂണൽ നിശ്ചയിക്കുന്നപ്രകാരം അയാളിൽ നിന്നും ചെല്ലേണ്ട കടത്തുകയുടെ എഴുപത്തിയഞ്ചു ശതമാനം അപ്പലേറ്റ് ട്രിബ്യൂണലിൽ അങ്ങനെയുള്ള ആൾ നിക്ഷേപിക്കാത്തപക്ഷം, അപ്പലേറ്റ് ട്രിബ്യൂണൽ പരിഗണനയ്ക്ക് സ്വീകരിക്കാൻ പാടില്ലാത്തതാകുന്നു:

എന്നാൽ, അപ്പലേറ്റ് ട്രിബ്യൂണലിന്, ലിഖിതമായി രേഖപ്പെടുത്തേണ്ട കാരണങ്ങളാൽ ഈ വകുപ്പുപ്രകാരം നിക്ഷേപിക്കേണ്ട തുക വേണ്ടെന്ന് വയ്ക്കുകയോ കുറവ് ചെയ്യുകയോ ചെയ്യാവുന്നതാണ്.

22. <u>ട്രിബ്യൂണലിന്റെയും അപ്പലേറ്റ് ട്രിബ്യൂണലിന്റെയും നടപടിക്രമവും അധികാരങ്ങളും.</u>— (1) സിവിൽ നടപടി നിയമസംഹിത, 1908 (1908-ലെ 5)-ൽ പ്രതിപാദിച്ചിട്ടുള്ള നടപടിക്രമത്തിന് ട്രിബ്യൂണലും അപ്പലേറ്റ് ട്രിബ്യൂണലും ബാദ്ധ്യസ്ഥമായിരിക്കുന്നതല്ല. എന്നാൽ സ്വാഭാവികനീതിതത്വങ്ങൾ മാർഗ്ഗദർശകമായിരിക്കേണ്ടതും ഈ ആക്റ്റിലെ മറ്റ് വ്യവസ്ഥകൾക്കും ഏതെങ്കിലും ചട്ടങ്ങൾക്കും വിധേയമായി ട്രിബ്യൂണലിനും അപ്പലേറ്റ് ട്രിബ്യൂണലിനും അവരുടെ ഉപവേശനങ്ങൾ ഏത് സ്ഥലത്ത് വച്ചാണ് എന്നതുൾപ്പെടെ അവരുടേതായ നടപടിക്രമം ക്രമീകരിക്കുന്നതിന് അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

(2) ട്രിബ്യൂണലിനും അപ്പലേറ്റ് ട്രിബ്യൂണലിനും, ഈ ആക്റ്റ് പ്രകാരമുള്ള അവരുടെ ചുമതലകൾ നിർവ്വഹിക്കുന്ന ആവശ്യങ്ങൾക്കായി, ഒരു വ്യവഹാരം വിചാരണ ചെയ്യുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ സംബന്ധിച്ച് സിവിൽ നടപടി നിയമസംഹിത, 1908 (1908-ലെ 5) പ്രകാരം ഒരു സിവിൽ കോടതിയിൽ നിക്ഷിപ്തമായിട്ടുള്ള അതേ അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(ക) ഏതെങ്കിലും ആളെ സമൺ ചെയ്യുകയും ഹാജരാക്കിക്കുകയും ശപഥത്തിൻമേൽ വിസ്തരിക്കുകയും ചെയ്യുക;

(ഖ) രേഖകൾ വെളിപ്പെടുത്തുവാനും ഹാജരാക്കുവാനും ആവശ്യപ്പെടുക;

(ഗ) സത്യവാങ്മൂലത്തിന്മേൽ തെളിവ് സ്വീകരിക്കുക;

(ഘ) സാക്ഷികളെ വിസ്തരിക്കുന്നതിനോ രേഖകൾ പരിശോധിക്കുന്നതിനോ കമ്മീഷനുകളെ നിയമിക്കുക;

(ങ) അതിന്റെ തീരുമാനങ്ങൾ പുനഃപരിശോധിക്കുക;

(ച) വീഴ്ചവരുത്തിയതിന് ഒരു അപേക്ഷ തള്ളുകയോ അത് എക്സ്പാർട്ടിയായി തീരുമാനിക്കുകയോ ചെയ്യുക;

(ഛ) വീഴ്ചവരുത്തിയതിന് ഏതെങ്കിലും അപേക്ഷ തള്ളിക്കളഞ്ഞുകൊണ്ടുള്ള ഏതെങ്കിലും ഉത്തരവോ അല്ലെങ്കിൽ അത് എക്സ്പാർട്ടിയായി പുറപ്പെടുവിച്ച ഏതെങ്കിലും ഉത്തരവോ അസ്ഥിരപ്പെടുത്തുക;

(ജ) നിർണ്ണയിക്കപ്പെടാവുന്ന മറ്റേതെങ്കിലും സംഗതി.

(3) ട്രിബ്യൂണലിന്റെയോ അപ്പലേറ്റ് ട്രിബ്യൂണലിന്റെയോ മുമ്പാകെയുള്ള ഏതൊരു നടപടിയും ഇൻഡ്യൻ ശിക്ഷാ നിയമസംഹിത, 1860 (1860-ലെ 45)-ന്റെ 193-ഉം 228-ഉം വകുപ്പുകളുടെ അർത്ഥത്തിലും 196-ാം വകുപ്പിന്റെ ആവശ്യങ്ങൾക്കും വേണ്ടി ഒരു നീതിന്യായ നടപടിയായി കരുതപ്പെടേണ്ടതും ഒരു ട്രിബ്യൂണലോ അപ്പലേറ്റ് ട്രിബ്യൂണലോ, ക്രിമിനൽ നടപടി നിയമസംഹിത, 1973 (1974-ലെ 2)-ന്റെ 195-ാം വകുപ്പിന്റെയും അദ്ധ്യായം XXVI-ന്റെയും ആവശ്യങ്ങൾക്കായി ഒരു സിവിൽ കോടതിയായി കരുതപ്പെടേണ്ടതുമാണ്.

23. നിയമാനുസൃതം പ്രതിനിധീകരിക്കുന്നതിനുള്ള അവകാശവും പ്രസന്റിംഗ് ആഫീസർമാരും.—(1) ഒരു അപേക്ഷ ഒരു ട്രിബ്യൂണലിനോ അല്ലെങ്കിൽ ഒരു അപ്പീൽ ഒരു അപ്പലേറ്റ് ട്രിബ്യൂണലിനോ സമർപ്പിക്കുന്ന ഒരു ബാങ്കിനോ ഒരു ധനകാര്യ സ്ഥാപനത്തിനോ ഒന്നോ അതിലധികമോ അഭിഭാഷകരെയോ അല്ലെങ്കിൽ അതിന്റെ ഏതെങ്കിലും ഉദ്യോഗസ്ഥരെയോ പ്രസന്റിംഗ് ആഫീസർമാരായി പ്രവർത്തിക്കുന്നതിന് അധികാരപ്പെടുത്താവുന്നതും അപ്രകാരം അധികാരപ്പെടുത്തുന്ന ഓരോ ആളും അതിന്റെ കേസ് ട്രിബ്യൂണലിന്റെയോ അപ്പലേറ്റ് ട്രിബ്യൂണലിന്റെയോ മുമ്പാകെ അവതരിപ്പിക്കാവുന്നതുമാണ്.

(2) പ്രതിക്ക് അയാളുടെ അല്ലെങ്കിൽ അതിന്റെ കേസ് ട്രിബ്യൂണൽ മുമ്പാകെയോ അല്ലെങ്കിൽ അപ്പലേറ്റ് ട്രിബ്യൂണൽ മുമ്പാകെയോ അവതരിപ്പിക്കുന്നതിന് നേരിട്ട് ഹാജരാകുകയോ അല്ലെങ്കിൽ ഒന്നോ അതിലധികമോ അഭിഭാഷകരെയോ അല്ലെങ്കിൽ അയാളുടെയോ അതിന്റെയോ ഏതെങ്കിലും ഉദ്യോഗസ്ഥരെയോ അധികാരപ്പെടുത്താവുന്നതാണ്.

24. കാലഹരണം.—ട്രിബ്യൂണലിന് സമർപ്പിക്കുന്ന ഒരു അപേക്ഷയ്ക്ക് കാലഹരണ ആക്റ്റ്, 1963 (1963-ലെ 36)-ലെ വ്യവസ്ഥകൾ കഴിയുന്നത്ര ബാധകമാകുന്നതാണ്.

## അദ്ധ്യായം V

## ട്രിബ്യൂണൽ നിശ്ചയിക്കുന്ന കടം വസൂലാക്കൽ

25. കടങ്ങൾ വസൂലാക്കുന്ന രീതികൾ.—19-ാം വകുപ്പ് (7)-ാം ഉപവകുപ്പുപ്രകാരം സർട്ടിഫിക്കറ്റിന്റെ പകർപ്പ് ലഭിക്കുന്നതിൻമേൽ വസൂലാക്കൽ ആഫീസർ സർട്ടിഫിക്കറ്റിൽ പറയുന്ന കടത്തുക വസൂലാക്കുന്നതിന് താഴെ പറയുന്ന ഒന്നോ അതിലധികമോ രീതിയിൽ നടപടിയെടുക്കേണ്ടതാണ്, അതായത്:—

(ക) പ്രതിയുടെ സ്ഥാവരമോ ജംഗമമോ ആയ വസ്തുക്കളുടെ ജപ്തിയും വിൽപനയും;

(ഖ) പ്രതിയുടെ അറസ്റ്റും ജയിലിൽ അയാളുടെ തടങ്കലും ;

(ഗ) പ്രതിയുടെ സ്ഥാവരമോ ജംഗമമോ ആയ വസ്തുക്കളുടെ നടത്തിപ്പിനായി ഒരു റിസീവറെ നിയമിക്കൽ.

26. സർട്ടിഫിക്കറ്റിന്റെയും അതിന്റെ ഭേദഗതിയുടെയും സാധുത.—(1) സർട്ടിഫിക്കറ്റിൽ പറയുന്ന തുകയുടെ കൃത്യത വസൂലാക്കൽ ആഫീസറുടെ മുമ്പാകെ, പ്രതിക്ക് തർക്കിക്കാൻ പാടില്ലാത്തതും വസൂലാക്കൽ ആഫീസർ മറ്റേതെങ്കിലും കാരണത്താൽ സർട്ടിഫിക്കറ്റിന്റെ യാതൊരു ആക്ഷേപവും പരിഗണനയ്ക്ക് സ്വീകരിക്കാൻ പാടില്ലാത്തതുമാണ്.

(2) ഒരു വസൂലാക്കൽ ആഫീസർക്ക് ഒരു സർട്ടിഫിക്കറ്റ് നല്കിയിരുന്നാൽതന്നെയും പ്രിസൈഡിംഗ് ആഫീസർക്ക് ഒരു സർട്ടിഫിക്കറ്റ് പിൻവലിക്കുന്നതിനോ അല്ലെങ്കിൽ സർട്ടിഫിക്കറ്റിലുള്ള ഏതെങ്കിലും കൈത്തെറ്റോ കണക്കുകൂട്ടലിലുള്ള തെറ്റോ വസൂലാക്കൽ ആഫീസറെ അറിയിച്ചുകൊണ്ട് തിരുത്തുന്നതിനോ അധികാരം ഉണ്ടായിരിക്കുന്നതാണ്.

(3) പ്രിസൈഡിംഗ് ആഫീസർ, (2)-ാം ഉപവകുപ്പുപ്രകാരം ഒരു സർട്ടിഫിക്കറ്റ് പിൻവലിച്ചു കൊണ്ടോ അല്ലെങ്കിൽ റദ്ദാക്കിക്കൊണ്ടോ ഉള്ള ഏതൊരു ഉത്തരവും അല്ലെങ്കിൽ അദ്ദേഹം വരുത്തിയ ഏതൊരു തിരുത്തലും വസൂലാക്കൽ ആഫീസറെ അറിയിക്കേണ്ടതാണ്.

27. സർട്ടിഫിക്കറ്റ് പ്രകാരമുള്ള നടപടികൾ നിറുത്തിവയ്ക്കലും അതിന്റെ ഭേദഗതിയോ അല്ലെങ്കിൽ പിൻവലിക്കലോ.—(1) ഏതെങ്കിലും തുക വസൂലാക്കുന്നതിനുവേണ്ടി വസൂലാക്കൽ ആഫീസർക്ക് ഒരു സർട്ടിഫിക്കറ്റ് നല്കിയിരുന്നാൽതന്നെയും പ്രിസൈഡിംഗ് ആഫീസർക്ക് പണം നല്കുന്നതിനായി സമയം അനുവദിക്കാവുന്നതും അതിന്മേൽ അപ്രകാരം അനുവദിക്കപ്പെട്ട സമയം അവസാനിക്കുന്നതുവരെ വസൂലാക്കൽ ആഫീസർ നടപടികൾ നിറുത്തിവയ്ക്കേണ്ടതുമാണ്.

(2) തുക വസൂലാക്കുന്നതിനുവേണ്ടിയുള്ള ഒരു സർട്ടിഫിക്കറ്റ് നല്കപ്പെട്ടിട്ടുള്ളിടത്ത് വസൂലാക്കൽ ആഫീസർക്ക് അങ്ങനെയുള്ള സർട്ടിഫിക്കറ്റ് നൽകിയതിന് ശേഷം നല്കിയ ഏതെങ്കിലും തുകയോ അല്ലെങ്കിൽ പണം നല്കുന്നതിന് അനുവദിക്കുന്ന സമയമോ പ്രിസൈഡിംഗ് ആഫീസർ വസൂലാക്കൽ ആഫീസറെ അറിയിച്ചുകൊണ്ടിരിക്കേണ്ടതാണ്.

(3) കടം വസൂലാക്കുന്നതിന് തുക ഡിമാന്റ് ചെയ്യുന്ന ഒരു ഉത്തരവ് അപ്പീലിൽ രൂപഭേദപ്പെടുത്തുകയും അതിന്റെ അനന്തരഫലമായി ഡിമാന്റിൽ കുറവ് വരുത്തുകയും ചെയ്യപ്പെടുന്നിടത്ത് അപ്പീൽ നിലവിലിരിക്കുന്ന കാലത്തേക്ക്, പ്രസ്തുത കുറവിനെ സംബന്ധി ക്കുന്ന സർട്ടിഫിക്കറ്റിലെ തുകയുടെ അങ്ങനെയുള്ള ഭാഗം വസൂലാക്കുന്നത് പ്രിസൈഡിംഗ് ആഫീസർ നിറുത്തിവയ്ക്കേണ്ടതാണ്.

(4) കടം വസൂലാക്കുന്നതിനുവേണ്ടിയുള്ള ഒരു സർട്ടിഫിക്കറ്റ് വസൂലാക്കൽ ആഫീസർക്ക് ലഭിച്ചിരിക്കുകയും പിന്നീട് അപ്പീലിന്റെ ഫലമായി ഡിമാന്റുകളിലെ കൊടുത്തു തീർക്കേണ്ടതുക കുറവു ചെയ്യുകയോ [1][വർദ്ധിപ്പിക്കുകയോ] ചെയ്യുന്നിടത്ത്, പ്രിസൈഡിംഗ് ആഫീസർ, അങ്ങനെയുള്ള അപ്പീലിലെ വിഷയവസ്തുവായ ഉത്തരവ് അന്തിമവും നിർണ്ണായകവു മായിത്തീർന്നിട്ടുള്ളപ്പോൾ, അതത് സംഗതിപോലെ, സർട്ടിഫിക്കറ്റ് ഭേദഗതി ചെയ്യുകയോ അതു പിൻവലിക്കുകയോ ചെയ്യേണ്ടതാണ്.

28. വസൂലാക്കലിന്റെ മറ്റു രീതികൾ.—(1) 19-ാം വകുപ്പ് (7)-ാം ഉപവകുപ്പുപ്രകാരം വസൂലാക്കൽ ആഫീസർക്ക് ഒരു സർട്ടിഫിക്കറ്റ് നല്കപ്പെട്ടിരിക്കുമ്പോൾ വസൂലാക്കൽ ആഫീസർക്ക്, 25-ാം വകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള വസൂലാക്കൽ രീതികൾക്ക് ഭംഗം വരാത്ത വിധം ഈ വകുപ്പിൽ വ്യവസ്ഥ ചെയ്യുന്ന ഏതെങ്കിലും ഒന്നോ അതിലധികമോ രീതികളിൽ കടത്തുക വസൂലാക്കാവുന്നതാണ്.

(2) പ്രതിക്ക് ഏതെങ്കിലും ആളിൽനിന്നും ഏതെങ്കിലും തുക കിട്ടാനുണ്ടെങ്കിൽ, ഈ ആക്റ്റ് പ്രകാരം, പ്രതിയിൽ നിന്നും കിട്ടാനുള്ള കടത്തുക പ്രസ്തുത തുകയിൽ നിന്നും കുറവു ചെയ്യുന്നതിന് അങ്ങനെയുള്ള ആളിനോട് വസൂലാക്കൽ ആഫീസർക്ക് ആവശ്യപ്പെടാവുന്നതും, അങ്ങനെയുള്ള ഏത് ആവശ്യപ്പെടലും അങ്ങനെയുള്ള ആൾ പാലിക്കേണ്ടതും അപ്രകാരം കുറവു ചെയ്യപ്പെടുന്ന തുക വസൂലാക്കൽ ആഫീസറുടെ വരവു കണക്കിൽ നല്കേണ്ടതുമാണ്:

എന്നാൽ, ഈ ഉപവകുപ്പിലെ യാതൊന്നും സിവിൽ നടപടി നിയമസംഹിത, 1908 (1908-ലെ 5)-ന്റെ 60-ാം വകുപ്പുപ്രകാരം ഒരു സിവിൽ കോടതിയുടെ ഡിക്രിയുടെ നടത്തിപ്പിൽ, ജപ്തിയിൽ നിന്നും ഒഴിവാക്കുന്ന തുകയുടെ യാതൊരു ഭാഗത്തിനും ബാധകമാകുന്നതല്ല.

1. 2000-ലെ 1-ാം നമ്പർ ഭേദഗതി ആക്റ്റ്പ്രകാരം ചേർത്തത് (17-1-2000 മുതൽ പ്രാബല്യം).

(3) (i) വസൂലാക്കൽ ആഫീസർക്ക്, ഏത് സമയത്തും അല്ലെങ്കിൽ അതതുസമയത്തും ലിഖിതനോട്ടീസ്‌വഴി, ഏതൊരാളിൽ നിന്നാണോ പ്രതിക്ക് പണം ചെല്ലാത്തത് അല്ലെങ്കിൽ ചെല്ലാത്തതായി വരുന്നത് ആ ആളിനോടോ അല്ലെങ്കിൽ പ്രതിക്കുവേണ്ടിയോ പ്രതിയുടെ കണക്കിലോ പണം കൈവശം വയ്ക്കുന്നതോ അല്ലെങ്കിൽ പിന്നീട് കൈവശം വയ്ക്കാവുന്നതോ ആയ ഏതെങ്കിലും ആളിനോടോ, പണം ചെല്ലേണ്ടതായിവരുന്ന അല്ലെങ്കിൽ കൈവശം വരുന്ന ഉടൻതന്നെയോ അല്ലെങ്കിൽ നോട്ടീസിൽ വിനിർദ്ദേശിക്കുന്ന സമയത്തിനുള്ളിലോ (പണം, ചെല്ലേണ്ടതായിവരുന്നതിനോ അല്ലെങ്കിൽ കൈവശം വരുന്നതിനോ മുമ്പല്ലാത്ത) പ്രതിയിൽ നിന്നും കിട്ടാനുള്ള കടത്തുക നൽകുന്നതിന് മതിയാവുന്നത്ര പണം അല്ലെങ്കിൽ ആ തുകയ്ക്ക് തുല്യമോ അല്ലെങ്കിൽ അതിനെക്കാൾ കുറവോ ആയിരിക്കുന്നിടത്ത് മുഴുവൻ പണവും വസൂലാക്കൽ ആഫീസർക്ക് നൽകുന്നതിന് ആവശ്യപ്പെടാവുന്നതാണ്.

(ii) ഈ ഉപവകുപ്പുപ്രകാരമുള്ള ഒരു നോട്ടീസ്, പ്രതിക്കുവേണ്ടിയോ അല്ലെങ്കിൽ പ്രതിയുടെ കണക്കിലോ മറ്റേതെങ്കിലും ആളുമായി കൂട്ടായി ഏതെങ്കിലും പണം കൈവശം വയ്ക്കുകയോ അല്ലെങ്കിൽ പിന്നീട് കൈവശം വയ്ക്കുകയോ ചെയ്യുന്ന ഏതെങ്കിലും ആൾക്ക് നല്കാവുന്നതും, ഈ ഉപവകുപ്പിന്റെ ആവശ്യങ്ങൾക്കായി, അങ്ങനെയുള്ള തുകയുടെ കൂട്ടുകൈവശക്കാരുടെ വിഹിതം, മറിച്ച് തെളിയിക്കപ്പെടുന്നതുവരെ തുല്യമാണെന്ന് അനുശാസിക്കേണ്ടതുമാണ്.

(iii) നോട്ടീസിന്റെ ഒരു പകർപ്പ് പ്രതിക്ക്, വസൂലാക്കൽ ആഫീസർക്ക് അറിയാവുന്ന, അയാളുടെ അവസാന വിലാസത്തിലും കൂട്ട് അക്കൗണ്ടിന്റെ സംഗതിയിൽ എല്ലാ കൂട്ടുകൈവശക്കാർക്കും വസൂലാക്കൽ ആഫീസർക്ക് അറിയാവുന്ന അവരുടെ അവസാന വിലാസങ്ങളിലും അയച്ചുകൊടുക്കേണ്ടതാണ്.

(iv) ഈ ഉപവകുപ്പിൽ മറ്റു വിധത്തിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരമൊഴികെ, ഈ ഉപവകുപ്പുപ്രകാരം ഒരു നോട്ടീസ് നല്കപ്പെടുന്ന ഓരോ ആളും അങ്ങനെയുള്ള നോട്ടീസ് അനുസരിക്കാൻ ബാദ്ധ്യസ്ഥരായിരിക്കുന്നതും, പ്രത്യേകിച്ച് അങ്ങനെയുള്ള ഏതെങ്കിലും നോട്ടീസ് ഒരു തപാൽ ആഫീസിനോ ബാങ്കിനോ ധനകാര്യസ്ഥാപനത്തിനോ അല്ലെങ്കിൽ ഒരു ഇൻഷ്വർ ചെയ്ത ആൾക്കോ നല്കുമ്പോൾ ഏതെങ്കിലും ചട്ടത്തിലോ ആചരണത്തിലോ ആവശ്യകതയിലോ വിരുദ്ധമായി എന്തുതന്നെ ആയിരുന്നാലും പണം നല്കുന്നതിനുമുമ്പായി ഏതെങ്കിലും ഉൾക്കുറിപ്പോ, എൻഡോഴ്സ്മെന്റോ അല്ലെങ്കിൽ അതുപോലുള്ളതോ വരുത്തേണ്ട ആവശ്യത്തിനായി ഏതെങ്കിലും പാസ് ബുക്കോ നിക്ഷേപ രസീതോ പോളിസിയോ അല്ലെങ്കിൽ മറ്റേതെങ്കിലും രേഖയോ ഹാജരാക്കേണ്ട ആവശ്യമില്ല.

(v) ഈ ഉപവകുപ്പുപ്രകാരം ഒരു നോട്ടീസ് നല്കപ്പെട്ട ഏതെങ്കിലും വസ്തുവിനെ സംബന്ധിച്ച്, നോട്ടീസിന്റെ തീയതിക്ക് ശേഷമുണ്ടാകുന്ന ഏതൊരു അവകാശവാദവും നോട്ടീസിൽ അടങ്ങിയിരിക്കുന്ന ഏതൊരു ഡിമാന്റിനും എതിരെ എന്നപോലെ, അസാധുവായിരിക്കുന്നതാണ്.

(vi) ഈ ഉപവകുപ്പുപ്രകാരം ഒരു നോട്ടീസ് നല്കപ്പെടുന്ന ഒരാൾ ഡിമാന്റ് ചെയ്ത തുകയോ അതിന്റെ ഭാഗമോ പ്രതിക്ക് കിട്ടാനുള്ളതല്ലെന്നോ അല്ലെങ്കിൽ പ്രതിക്കുവേണ്ടിയോ പ്രതിയുടെ കണക്കിലോ അയാൾ ഏതെങ്കിലും പണം കൈവശം വയ്ക്കുന്നില്ലെന്നോ ശപഥത്തിൻമേലുള്ള ഒരു പ്രസ്താവനവഴി ആക്ഷേപം ഉന്നയിക്കുമെങ്കിൽ, അപ്പോൾ ഈ ഉപവകുപ്പിൽ അടങ്ങിയിരിക്കുന്ന യാതൊന്നും അങ്ങനെയുള്ള ആൾ, അതത് സംഗതിപോലെ, അങ്ങനെയുള്ള ഏതെങ്കിലും തുകയോ അതിന്റെ ഭാഗമോ നല്കാൻ ആവശ്യപ്പെടുന്നതായി കരുതപ്പെടാൻ പാടുള്ളതല്ല. എന്നാൽ, അങ്ങനെയുള്ള ഏതെങ്കിലും പ്രസ്താവനയിൽ സാരവത്തായ വിവരം വ്യാജമാണെന്ന് കണ്ടുപിടിക്കുകയാണെങ്കിൽ അങ്ങനെയുള്ള ആൾ വസൂലാക്കൽ ആഫീസർക്ക്, നോട്ടീസിന്റെ തീയതിയിൽ പ്രതിയോടുള്ള അയാളുടെ സ്വന്തം ബാദ്ധ്യതയുടെ പരിധിയോ അല്ലെങ്കിൽ ഈ ആക്റ്റ് പ്രകാരം കിട്ടാനുള്ള ഏതെങ്കിലും തുകയ്ക്ക് പ്രതിയുടെ ബാദ്ധ്യതയുടെ പരിധിയോ ഇവയിലേതാണോ കുറവ് അതിന് സ്വന്തം നിലയിൽ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

(vii) വസൂലാക്കൽ ആഫീസർക്ക്, ഈ ഉപവകുപ്പുപ്രകാരമുള്ള ഏതൊരു നോട്ടീസും ഏത് സമയത്തും അല്ലെങ്കിൽ കാലാകാലങ്ങളിൽ ഭേദഗതി ചെയ്യുകയോ പിൻവലിക്കുകയോ ചെയ്യാവുന്നതും അല്ലെങ്കിൽ അങ്ങനെയുള്ള നോട്ടീസിന് അനുസൃതമായി പണം നൽകുന്നതിനുള്ള സമയം നീട്ടിക്കൊടുക്കുകയോ ചെയ്യാവുന്നതുമാണ്.

(viii) ഈ ഉപവകുപ്പുപ്രകാരം നൽകുന്ന ഒരു നോട്ടീസ് അനുസരിച്ച് നല്കപ്പെടുന്ന ഏതൊരു തുകയ്ക്കും വസൂലാക്കൽ ആഫീസർ ഒരു രസീത് നൽകേണ്ടതും അപ്രകാരം നല്കുന്ന ആൾ പ്രതിയോടുള്ള അയാളുടെ ബാദ്ധ്യതയിൽനിന്നും അപ്രകാരം നല്കിയ തുകയുടെ വ്യാപ്തിയോളം പൂർണ്ണമായും ഒഴിവാക്കപ്പെടുന്നതുമാണ്.

(ix) ഈ ഉപവകുപ്പുപ്രകാരം ഒരു നോട്ടീസ് കിട്ടിയതിനുശേഷം, പ്രതിയോടുള്ള ഏതെങ്കിലും ബാദ്ധ്യത കൊടുത്തുതീർക്കുന്ന ഏതൊരാളും, പ്രതിക്ക് അപ്രകാരം കൊടുത്തു തീർത്ത സ്വന്തം ബാദ്ധ്യതയുടെ വ്യാപ്തിവരെ അല്ലെങ്കിൽ ഈ ആക്റ്റ്പ്രകാരം പ്രതിയുടെ കടബാദ്ധ്യതയുടെ വ്യാപ്തിവരെ ഇവയിൽ ഏതാണോ കുറവ് അതിന് സ്വന്തം നിലയിൽ വസൂലാക്കൽ ആഫീസറോട് ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

(x) ഈ ഉപവകുപ്പുപ്രകാരം ഒരു നോട്ടീസ് അയയ്ക്കപ്പെടുന്ന ഒരാൾ വസൂലാക്കൽ ആഫീസർക്ക്, അതിനനുസൃതമായി പണം നല്കുന്നതിൽ വീഴ്ച വരുത്തുകയാണെങ്കിൽ അയാളെ നോട്ടീസിൽ പറഞ്ഞിരിക്കുന്ന തുക സംബന്ധിച്ച് വീഴ്ച വരുത്തിയ ഒരു പ്രതിയായി കരുതപ്പെടേണ്ടതും, തുക ഈടാക്കുന്നതിനായി അത് അയാളിൽനിന്നും കിട്ടാനുള്ള കടം എന്നപോലെ 25-ഉം 26-ഉം 27-ഉം വകുപ്പുകളിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന രീതിയിൽ അയാൾക്കെതിരെ കൂടുതൽ നടപടികൾ എടുക്കാവുന്നതും ആ നോട്ടീസിന് വസൂലാക്കൽ ആഫീസറുടെ 25-ാം വകുപ്പുപ്രകാരം തന്റെ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടുള്ള ഒരു കടത്തിന്റെ ജപ്തിയുടെ അതേ പ്രഭാവം ഉണ്ടായിരിക്കുന്നതുമാണ്.

(4) വസൂലാക്കൽ ആഫീസർക്ക്, പ്രതിയുടെ വക പണം സൂക്ഷിക്കുന്ന കോടതിയിൽ, അങ്ങനെയുള്ള പണത്തിന്റെ മുഴുവൻ തുകയോ അല്ലെങ്കിൽ കിട്ടാനുള്ള കടത്തുകയേക്കാൾ അത് കൂടുതൽ ആണെങ്കിൽ അപ്രകാരം കിട്ടാനുള്ള കടത്തുക വീട്ടുന്നതിന് മതിയായ തുകയോ അയാൾക്ക് നല്കുന്നതിന് വേണ്ടി അപേക്ഷ നൽകാവുന്നതാണ്.

[1][(4ക) വസൂലാക്കൽ ആഫീസർ, ഉത്തരവുവഴി, വസൂലാക്കൽ സർട്ടിഫിക്കറ്റ് നടത്തിപ്പിന്റെ ഏതെങ്കിലും ഘട്ടത്തിൽ ഏതൊരാളോടും, ഒരു കമ്പനിയുടെ സംഗതിയിൽ വസൂലാക്കൽ സർട്ടിഫിക്കറ്റ് എതിരായി നൽകപ്പെട്ടിട്ടുള്ള അതിന്റെ ഉദ്യോഗസ്ഥരിൽ ആരോടെങ്കിലുമോ അല്ലെങ്കിൽ അതിനോടോ അയാളുടെയോ അല്ലെങ്കിൽ അതിന്റെയോ ആസ്തികളുടെ വിവരം സത്യവാങ്മൂലത്തിൻമേൽ പ്രഖ്യാപിക്കാൻ ആവശ്യപ്പെടാവുന്നതാണ്.]

(5) വസൂലാക്കൽ ആഫീസർക്ക്, പ്രതിയിൽ നിന്നും കിട്ടാനുള്ള ഏത് തുകയും, ആദായ നികുതി ആക്റ്റ്, 1961 (1961-ലെ 43)-ന്റെ മൂന്നാം പട്ടികയിൽ പ്രതിപാദിച്ചിട്ടുള്ള രീതിയിൽ അയാളുടെ ജംഗമ വസ്തുക്കളുടെ കണ്ടുകെട്ടലും വില്പനയുംവഴി വസൂലാക്കാവുന്നതാണ്.

29. ആദായ നികുതി ആക്റ്റിന്റെ ചില വ്യവസ്ഥകളുടെ ബാധകത.—ആദായ നികുതി ആക്റ്റ്, 1961 (1961-ലെ 43)-ന്റെ രണ്ടും മൂന്നും പട്ടികകളിലെയും ആദായ നികുതി (സർട്ടിഫിക്കറ്റ് നടപടികൾ) ചട്ടങ്ങൾ, 1962-ലെയും വ്യവസ്ഥകൾ കാലാകാലങ്ങളിൽ പ്രാബല്യത്തിലുള്ളപ്രകാരം, ആവശ്യമായ രൂപഭേദങ്ങളോടുകൂടി, ആദായനികുതിക്കുപകരം ഈ ആക്റ്റ് പ്രകാരം ചെല്ലേണ്ട കടത്തുക പ്രസ്തുത വ്യവസ്ഥകളും ചട്ടങ്ങളും പരാമർശിക്കപ്പെട്ടിരുന്നാൽ എന്നപോലെ കഴിയുന്നിടത്തോളം ബാധകമാകുന്നതാണ്:

എന്നാൽ, പ്രസ്തുത വ്യവസ്ഥകളും ചട്ടങ്ങളും പ്രകാരം "അസ്സസ്സി"എന്ന ഒരു പരാമർശത്തിന് ഈ ആക്റ്റ് പ്രകാരം പ്രതി എന്ന ഒരു പരാമർശമായി അർത്ഥം കല്പിക്കേണ്ടതാണ്.

[2][30. വസൂലാക്കൽ ആഫീസറുടെ ഉത്തരവിനെതിരായുള്ള അപ്പീൽ.—(1) 29-ാം വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റ് പ്രകാരം പുറപ്പെടുവിച്ച വസൂലാക്കൽ ആഫീസറുടെ ഒരു ഉത്തരവിനാൽ സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും അയാൾക്ക് ഉത്തരവിന്റെ പകർപ്പ് നല്കിയ തീയതി മുതൽ മുപ്പതുദിവസത്തിനകം ട്രിബ്യൂണലിൽ ഒരു അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

[1] 2000-ലെ 1-ാം നമ്പർ ഭേദഗതി ആക്റ്റ്പ്രകാരം പകരം ചേർത്തത് (17-1-2000 മുതൽ പ്രാബല്യം).

[2] മേല്പറഞ്ഞ ഭേദഗതി ആക്റ്റ്പ്രകാരം പകരം ചേർത്തത് (17-1-2000 മുതൽ പ്രാബല്യം).

(2) (1)-ാം ഉപവകുപ്പുപ്രകാരം ഒരു അപ്പീൽ ലഭിക്കുന്നതിൻമേൽ ട്രിബ്യൂണലിന്, അപ്പീൽ വാദിക്ക് കേൾക്കപ്പെടുവാൻ ഒരവസരം നൽകിയതിനു ശേഷവും അതിന് ഉചിതമെന്ന് തോന്നുന്ന അങ്ങനെയുള്ള അന്വേഷണം നടത്തിയതിനുശേഷവും, വസൂലാക്കൽ ആഫീസർ 25 മുതൽ 28 വരെ വകുപ്പുകൾ (രണ്ടും ഉൾപ്പെടെ) പ്രകാരമുള്ള അദ്ദേഹത്തിന്റെ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് പുറപ്പെടുവിച്ച ഉത്തരവ് സ്ഥിരീകരിക്കുകയോ രൂപഭേദപ്പെടുത്തുകയോ അസ്ഥിരപ്പെടുത്തുകയോ ചെയ്യാവുന്നതാണ്.]

## അദ്ധ്യായം VI

## പലവക

31. നിലവിലിരിക്കുന്ന കേസുകളുടെ മാറ്റം.—(1) ഈ ആക്റ്റിൻകീഴിൽ ഒരു ട്രിബ്യൂണൽ സ്ഥാപിക്കുന്ന തീയതിക്ക് തൊട്ടുമുമ്പ് ഏതെങ്കിലും കോടതി മുമ്പാകെ നിലവിലിരിക്കുന്ന ഒരു വ്യവഹാരമോ മറ്റു നടപടിയോ അവയ്ക്ക് അടിസ്ഥാനമായ വ്യവഹാരകാരണം ഉത്ഭവിച്ചത് അങ്ങനെയുള്ള ട്രിബ്യൂണൽ സ്ഥാപിച്ചതിനു ശേഷമായിരുന്നുവെങ്കിൽ, അത് ഏത് ട്രിബ്യൂണലിന്റെ അധികാരപരിധിക്കുള്ളിലാകുമായിരുന്നുവോ, ആ ട്രിബ്യൂണലിലേക്ക് ആ തീയതി മുതൽ മാറ്റപ്പെട്ടതായിത്തീരുന്നതാണ്:

എന്നാൽ, ഈ ഉപവകുപ്പിലുള്ള യാതൊന്നും മേല്പറഞ്ഞപ്രകാരം ഏതെങ്കിലും കോടതി മുമ്പാകെ നിലവിലിരിക്കുന്ന യാതൊരു അപ്പീലിനും ബാധകമാകുന്നതല്ല.

(2) (1)-ാം ഉപവകുപ്പുപ്രകാരം ഏതെങ്കിലും കോടതിയിൽ നിന്നും ഏതെങ്കിലും വ്യവഹാരമോ മറ്റു നടപടിയോ ഒരു ട്രിബ്യൂണലിലേക്ക് മാറ്റപ്പെട്ടതായിത്തീരുമ്പോൾ,—

(ക) ആ കോടതി, അങ്ങനെയുള്ള മാററത്തിനുശേഷം, ആകുന്നത്ര വേഗത്തിൽ, അങ്ങനെയുള്ള വ്യവഹാരത്തിന്റെയോ മറ്റു നടപടിയുടെയോ റിക്കാർഡുകൾ ആ ട്രിബ്യൂണലിന് അയച്ചുകൊടുക്കേണ്ടതും ;

(ഖ) ആ ട്രിബ്യൂണലിന്, അങ്ങനെയുള്ള റിക്കാർഡുകൾ ലഭിക്കുന്നതിൻമേൽ ആകുന്നിടത്തോളം, അങ്ങനെയുള്ള വ്യവഹാരമോ മറ്റ് നടപടിയോ കൈകാര്യം ചെയ്യുന്നത്, 19-ാം വകുപ്പുപ്രകാരം സമർപ്പിക്കപ്പെട്ട ഒരു അപേക്ഷയുടെ സംഗതിയിലെന്നപോലെ അതേ രീതിയിൽ ട്രിബ്യൂണലിന് യുക്തമെന്ന് കരുതുന്നവിധം അങ്ങനെയുള്ള മാറ്റത്തിന് മുമ്പ് എത്തിയിരുന്ന ഘട്ടം മുതൽക്ക് അല്ലെങ്കിൽ നേരത്തെയുള്ള ഏതെങ്കിലും ഘട്ടം മുതൽക്ക് [1] [xxx] തുടരാവുന്നതും, ആകുന്നു.

[2][31ക. ഡിക്രിയുടെ അല്ലെങ്കിൽ ഉത്തരവിന്റെ സംഗതിയിൽ വസൂലാക്കൽ സർട്ടിഫിക്കറ്റ് നല്കുന്നതിന് ട്രിബ്യൂണലിനുള്ള അധികാരം.—(1) ബാങ്കുകൾക്കും ധനകാര്യ സ്ഥാപനങ്ങൾക്കും കിട്ടാനുള്ള കടങ്ങൾ വസൂലാക്കൽ (ഭേദഗതി) ആക്റ്റ്, 2000-ന്റെ പ്രാരംഭത്തിന് മുമ്പ് ഏതെങ്കിലും കോടതി പുറപ്പെടുവിച്ചിട്ടുള്ളതും എന്നിട്ടും, നടപ്പാക്കാത്തതുമായ ഡിക്രിയോ ഉത്തരവോ ഉള്ളപ്പോൾ വിധിയുടമയ്ക്ക്, തുക വസൂലാക്കുന്നതിനുവേണ്ടി ഒരു ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ട്രിബ്യൂണലിലേക്ക് അപേക്ഷിക്കാവുന്നതാണ്.

(2) ട്രിബ്യൂണലിന്, (1)-ാം ഉപവകുപ്പുപ്രകാരം ഒരു അപേക്ഷ ലഭിക്കുന്നതിൻമേൽ, വസൂലാക്കുന്നതിനുവേണ്ടിയുള്ള ഒരു സർട്ടിഫിക്കറ്റ് വസൂലാക്കൽ ആഫീസർക്ക് നൽകാവുന്നതാണ്.

(3) (2)-ാം ഉപവകുപ്പുപ്രകാരം ഒരു സർട്ടിഫിക്കറ്റ് ലഭിക്കുന്നതിൻമേൽ, അത് ഈ ആക്റ്റ് പ്രകാരം വസൂലാക്കാവുന്നതായ ഒരു കടത്തെ സംബന്ധിച്ചുള്ള ഒരു സർട്ടിഫിക്കറ്റ് ആയിരുന്നാലെന്നതുപോലെ വസൂലാക്കൽ ആഫീസർ നടപടി എടുക്കേണ്ടതാണ്.]

---

1. 2000-ലെ 1-ാം നമ്പർ ഭേദഗതി ആക്റ്റ്പ്രകാരം വിട്ടുകളഞ്ഞത് (17-1-2000 മുതൽ പ്രാബല്യം).
2. മേൽപ്പറഞ്ഞ ഭേദഗതി ആക്റ്റ്പ്രകാരം പകരം ചേർത്തത് (17-1-2000 മുതൽ പ്രാബല്യം).

[1][32. അപ്പലേറ്റ് ട്രിബ്യൂണലിലെയും ട്രിബ്യൂണലിലെയും ചെയർപേഴ്സണും പ്രിസൈഡിംഗ് ആഫീസറും, ഉദ്യോഗസ്ഥഗണങ്ങളും പബ്ലിക് സെർവന്റുമാരായിരിക്കുമെന്ന്.—ഒരു അപ്പലേറ്റ് ട്രിബ്യൂണലിലെ ചെയർപേഴ്സണും ഒരു ട്രിബ്യൂണലിലെ പ്രിസൈഡിംഗ് ആഫീസറും, ഒരു അപ്പലേറ്റ് ട്രിബ്യൂണലിലെയും ഒരു ട്രിബ്യൂണലിലെയും വസൂലാക്കൽ ആഫീസറും മറ്റ് ഉദ്യോഗസ്ഥരും ജീവനക്കാരും ഇൻഡ്യൻ ശിക്ഷാ നിയമ സംഹിത, 1860 (1860-ലെ 45)-ലെ 21-ാം വകുപ്പിന്റെ അർത്ഥത്തിനുള്ളിൽ വരുന്ന പബ്ലിക് സെർവന്റുമാരായി കരുതപ്പെടേണ്ടതാണ്.]

33. ഉത്തമവിശ്വാസപൂർവ്വം എടുത്ത നടപടിക്ക് സംരക്ഷണം.—ഈ ആക്റ്റിനോ അല്ലെങ്കിൽ അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ഏതെങ്കിലും ചട്ടത്തിനോ ഉത്തരവിനോ അനുസൃതമായി ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ ചെയ്യാൻ ഉദ്ദേശിച്ചതോ ആയ എന്തിനെയെങ്കിലും സംബന്ധിച്ച് കേന്ദ്രസർക്കാരിനെതിരായോ [2][ഒരു ട്രിബ്യൂണലിന്റെ പ്രിസൈഡിംഗ് ആഫീസർക്കോ ഒരു അപ്പലേറ്റ് ട്രിബ്യൂണലിന്റെ ചെയർപേഴ്സണോ] എതിരായോ അല്ലെങ്കിൽ വസൂലാക്കൽ ആഫീസർക്ക് എതിരായോ യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ മറ്റ് നിയമ നടപടികളോ നിലനിൽക്കുന്നതല്ല.

34. ആക്റ്റിന് അധികപ്രഭാവമുണ്ടെന്ന്.—(1) (2)-ാം ഉപവകുപ്പിൽ മറ്റ് വിധത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതൊഴികെ, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക്, അവയ്ക്ക് അസംഗതമായി തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ അല്ലെങ്കിൽ ഈ ആക്റ്റ് അല്ലാതെ ഏതെങ്കിലും നിയമത്താൽ പ്രഭാവമുള്ള ഏതെങ്കിലും പ്രമാണത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും പ്രഭാവമുണ്ടായിരിക്കുന്നതാണ്.

(2) ഈ ആക്റ്റിലെ വ്യവസ്ഥകളോ അല്ലെങ്കിൽ അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളോ ഇൻഡസ്ട്രിയൽ ഫിനാൻസ് കോർപ്പറേഷൻ ആക്റ്റ്, 1948 (1948-ലെ 15)-നും സംസ്ഥാന ഫിനാൻഷ്യൽ കോർപ്പറേഷൻ ആക്റ്റ്, 1951 (1951-ലെ 63)-നും യൂണിറ്റ് ട്രസ്റ്റ് ഓഫ് ഇൻഡ്യാ ആക്റ്റ്, 1963 (1963-ലെ 52)-നും ഇൻഡസ്ട്രിയൽ റീ കൺസ്ട്രക്ഷൻ ബാങ്ക് ഓഫ് ഇൻഡ്യാ ആക്റ്റ്, 1984 (1984-ലെ 62)-നും [3][ദുർബല വ്യാവസായിക കമ്പനികൾ (പ്രത്യേക വ്യവസ്ഥകൾ) ആക്റ്റ്, 1985-നും ചെറുകിട വ്യവസായ ബാങ്ക് ഓഫ് ഇൻഡ്യാ ആക്റ്റ്, 1989 (1989-ലെ 39)-നും] പുറമേയും അവയ്ക്ക് ഭംഗം വരാത്ത രീതിയിലും ആയിരിക്കേണ്ടതാണ്.

35. വിഷമതകൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രഭാവം നൽകുന്നതിൽ ഏതെങ്കിലും വിഷമത ഉത്ഭവിക്കുന്നുവെങ്കിൽ കേന്ദ്ര സർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് അസംഗതമാകാത്ത ഉത്തരവുവഴി, ആ വിഷമത നീക്കുന്നതിന്, ആവശ്യമെന്നോ, യുക്തമെന്നോ തോന്നുന്ന അങ്ങനെയുള്ള വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്:

എന്നാൽ, ഈ ആക്റ്റിന്റെ പ്രാരംഭ തീയതി മുതൽ മൂന്നുവർഷം കഴിഞ്ഞതിനുശേഷം, അങ്ങനെയുള്ള യാതൊരു ഉത്തരവും ഉണ്ടാക്കുവാൻ പാടുള്ളതല്ല.

(2) ഈ വകുപ്പിൻകീഴിൽ ഉണ്ടാക്കുന്ന ഓരോ ഉത്തരവും, അതുണ്ടാക്കിയശേഷം ആവുന്നത്രവേഗത്തിൽ, പാർലമെന്റിന്റെ ഓരോ സഭയുടെയും മുമ്പാകെ വയ്ക്കേണ്ടതാണ്.

36. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—(1) കേന്ദ്ര സർക്കാരിന് വിജ്ഞാപനംവഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാത്തവിധത്തിൽ അങ്ങനെയുള്ള ചട്ടങ്ങളിൽ, താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾ വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത് :—

(ക) 7-ഉം 12-ഉം 13-ഉം വകുപ്പുകളിൻകീഴിൽ ട്രിബ്യൂണലിന്റെയും അപ്പലേറ്റ് ട്രിബ്യൂണലിന്റെയും [4][ചെയർപേഴ്സൺമാർ, പ്രിസൈഡിംഗ് ആഫീസർമാർ,] വസൂലാക്കൽ ആഫീസർമാർ, മറ്റ് ഉദ്യോഗസ്ഥർ, ജീവനക്കാർ എന്നിവരുടെ ശമ്പളവും ബത്തകളും മറ്റിനങ്ങളും സേവന വ്യവസ്ഥകളും;

---

[1] 2000-ലെ 1-ാം നമ്പർ ഭേദഗതി ആക്റ്റ്പ്രകാരം പകരം ചേർത്തത് (17-1-2000 മുതൽ പ്രാബല്യം).

[2, 3, 4] മേൽപ്പറഞ്ഞ ഭേദഗതി ആക്റ്റ്പ്രകാരം പകരം ചേർത്തത് (17-1-2000 മുതൽ പ്രാബല്യം).

(ഖ) 15-ാം വകുപ്പ് (3)-ാം ഉപവകുപ്പിൻകീഴിൽ [1][അപ്പലേറ്റ് ട്രിബ്യൂണലുകളുടെ ചെയർപേഴ്സൺമാരുടെയും ട്രിബ്യൂണലുകളുടെ പ്രിസൈഡിംഗ് ആഫീസർമാരുടെയും] പെരുമാറ്റദൂഷ്യമോ കഴിവില്ലായ്മയോ അന്വേഷിക്കുന്നതിന് വേണ്ടിയുള്ള നടപടിക്രമം;

(ഗ) 19-ാം വകുപ്പുപ്രകാരം നല്കാവുന്ന ഒരു അപേക്ഷ ഏത് ഫാറത്തിൽ ആയിരിക്കണമെന്നും അങ്ങനെയുള്ള അപേക്ഷയോടൊപ്പം വയ്ക്കേണ്ട രേഖകളും മറ്റ് തെളിവുകളും അങ്ങനെയുള്ള അപേക്ഷ ഫയൽ ചെയ്യുന്നതിന് നല്കേണ്ട ഫീസും;

(ഘ) 20-ാം വകുപ്പുപ്രകാരം അപ്പലേറ്റ് ട്രിബ്യൂണൽ മുമ്പാകെ സമർപ്പിക്കേണ്ട ഒരു അപ്പീൽ ഏത് ഫാറത്തിലായിരിക്കണമെന്നും അങ്ങനെയുള്ള അപ്പീലിന് നല്കേണ്ടതായ ഫീസും;

(ങ) നിർണ്ണയിക്കപ്പെടേണ്ടതോ നിർണ്ണയിക്കാവുന്നതോ ആയ മറ്റേതെങ്കിലും സംഗതി.

[2][(3) 1-ാം വകുപ്പിലെ (4)-ാം ഉപവകുപ്പും 3-ാം വകുപ്പും 8-ാം വകുപ്പും പ്രകാരം പുറപ്പെടുവിക്കുന്ന ഓരോ വിജ്ഞാപനവും ഈ ആക്റ്റിൻകീഴിൽ കേന്ദ്ര സർക്കാർ ഉണ്ടാക്കുന്ന ഓരോ ചട്ടവും അത് ഉണ്ടാക്കിയശേഷം, ആകുന്നത്ര വേഗത്തിൽ, പാർലമെന്റ് സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ ഓരോ സഭയുടെയും മുമ്പാകെ, ഒരു സമ്മേളനത്തിലോ, തുടർച്ചയായുള്ള രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ ആയി, ആകെ മുപ്പത് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും മുൻപറഞ്ഞ സമ്മേളനത്തിനോ, തുടർച്ചയായ സമ്മേളനങ്ങൾക്കോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുമ്പ് ഇരുസഭകളും ആ വിജ്ഞാപനത്തിലോ ചട്ടത്തിലോ ഏതെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ, അല്ലെങ്കിൽ ഇരുസഭകളും ആ വിജ്ഞാപനമോ ചട്ടമോ ഉണ്ടാക്കേണ്ടതില്ലെന്നതിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ, അതിനുശേഷം ആ വിജ്ഞാപനത്തിനോ, ചട്ടത്തിനോ, അതത് സംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നാൽ, അങ്ങനെയുള്ള എന്തെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ ആ വിജ്ഞാപനമോ ചട്ടമോ പ്രകാരം മുമ്പ് ചെയ്തിട്ടുള്ള എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കുന്നതാണ്.]

37. റദ്ദാക്കലും ഒഴിവാക്കലും.—(1) ബാങ്കുകൾക്കും ധനകാര്യസ്ഥാപനങ്ങൾക്കും കിട്ടാനുള്ള കടങ്ങൾ വസൂലാക്കൽ ഓർഡിനൻസ്, 1993 ഇതിനാൽ റദ്ദാക്കപ്പെട്ടിരിക്കുന്നു.

(2)അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും, പ്രസ്തുത ഓർഡിനൻസിൻകീഴിൽ ചെയ്ത എന്തെങ്കിലുമോ അല്ലെങ്കിൽ എടുത്ത ഏതെങ്കിലും നടപടിയോ, ഈ ആക്റ്റിലെ തൽസ്ഥാനീയ വ്യവസ്ഥകൾ പ്രകാരം ചെയ്യപ്പെട്ടിട്ടുള്ളതോ എടുക്കപ്പെട്ടിട്ടുള്ളതോ ആയി കരുതപ്പെടേണ്ടതാണ്.

---

[1]. 2000-ലെ 1-ാം നമ്പർ ഭേദഗതി ആക്റ്റ്പ്രകാരം പകരം ചേർത്തത് (17-1-2000 മുതൽ പ്രാബല്യം).

[2]. മേല്പറഞ്ഞ ഭേദഗതി ആക്റ്റ്പ്രകാരം പകരം ചേർത്തത് (17-1-2000 മുതൽ പ്രാബല്യം).

# THE RECOVERY OF DEBTS DUE TO BANKS AND FINANCIAL INSTITUTIONS ACT, 1993

(ACT No. 51 OF 1993)

**ബാങ്കുകൾക്കും ധനകാര്യസ്ഥാപനങ്ങൾക്കും കിട്ടാനുള്ള കടങ്ങൾ വസൂലാക്കൽ ആക്റ്റ്, 1993**

(1993-ലെ 51-ാം നമ്പർ ആക്റ്റ്)

## GLOSSARY

| | | | |
|---|---|---|---|
| 1. | Adjudication | ന്യായനിർണ്ണയം | Long Title |
| 2. | Corresponding new Bank | തൽസ്ഥാനീയ പുതിയ ബാങ്ക് | Definition and various sections of the Act |
| 3. | Recovery Officer | വസൂലാക്കൽ ആഫീസർ | Definition and various sections of the Act |